സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം · PEOPLE REVIEW

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 സെപ്റ്റംബർ 07 വ്യാഴം | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ


## പ്രസവ ശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ കത്രിക കുടുങ്ങിയ കേസ്; ഡോക്ടറും 2 നഴ്സുമാരും അറസ്റ്റിൽ



കോഴിക്കോട്: പ്രസവ ശസ്ത്രക്രിയയ്ക്കിടെ പന്തീരാങ്കാവ് സ്വദേശി കെ.കെ.ഹർഷിനയുടെ വയറ്റിൽ കത്രിക കുടുങ്ങിയതുമായി ബന്ധപ്പെട്ട കേസിൽ മൂന്നു പ്രതികളുടെ അറസ്റ്റ് രേഖപ്പെടുത്തി വിട്ടയച്ചു.

ഒന്നാം പ്രതിയും മഞ്ചേരി ഗവ. മെഡിക്കൽ കോളജിലെ അസി. പ്രഫസർ ഡോ. സി.കെ.രമേശൻ, മൂന്ന്, നാല് പ്രതികളായ സ്റ്റാഫ് നഴ്സുമാരായ എം.രഹന, കെ.ജി.മഞ്ജു എന്നിവരാണ് അറസ്റ്റിലായത്. മൂവരും അന്വേഷണ ഉദ്യോഗസ്ഥനായ എസിപി. കെ.സുദർശൻ മുൻപാകെ ഇന്നു ഹാജരായിരുന്നു. ചോദ്യം ചെയ്യലിനു പിന്നാലെയാണ് ഇവരുടെ അറസ്റ്റ് രേഖപ്പെടുത്തിയത്.ഏഴു ദിവസത്തിനുള്ളിൽ അന്വേഷണ ഉദ്യോഗസ്ഥനു മുന്നിൽ ഹാജരാകണമെന്ന് ആവശ്യപ്പെട്ട് ഇവർക്ക് പൊലീസ് നോട്ടിസ് നൽകിയിരുന്നു. ഈ സാഹചര്യത്തിലാണ് പ്രതിപ്പട്ടികയിലുള്ള മൂന്നു പേർ ഏഴാം ദിവസമായ ഇന്ന് ഹാജരായത്. ഇവരെ വിശദമായി ചോദ്യം ചെയ്തതിനു പിന്നാലെയാണ് അറസ്റ്റ് നടപടികളിലേക്ക് പൊലീസ് കടന്നത്. കേസിൽ രണ്ടാം പ്രതി, കോട്ടയത്തെ സ്വകാര്യ ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റായ ഡോ. എം.ഷഹന ഇതുവരെ ഹാജരായിട്ടില്ലെന്നാണു വിവരം.ഹർഷിനയ്ക്കു മൂന്നാമത്തെ പ്രസവ ശസ്ത്രക്രിയ നടത്തിയ സംഘത്തിലെ ഡോക്ടർമാരും നഴ്സുമാരുമാണ് ഇവർ. ശസ്ത്രക്രിയയ്ക്കിടെ കത്രിക കുടുങ്ങിയ സംഭവത്തിൽ ചികിത്സപ്പിഴവുണ്ടായെന്നു ജില്ലാതല മെഡിക്കൽ ബോർഡ് കണ്ടെത്തിയിരുന്നു. 2017 നവംബർ 30ന് മെഡിക്കൽ കോളജിൽ നടത്തിയ ശസ്ത്രക്രിയയ്ക്കിടെയാണ് ഹർഷിനയുടെ വയറ്റിൽ കത്രിക കുടുങ്ങിയതെന്നാണു പൊലീസ് കണ്ടെത്തൽ. 2017 ജനുവരി 27ന് കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ നടത്തിയ എംആർഐ പരിശോധനയിൽ കാണാത്ത ലോഹവസ്തുവാണ് 5 വർഷത്തിനു ശേഷം ശസ്ത്രക്രിയയിലൂടെ പുറത്തെടുത്തത്. ഈ സ്കാനിങ് റിപ്പോർട്ടിന്റെയും സാഹചര്യ തെളിവുകളുടെയും അടിസ്ഥാനത്തിലാണ് ആർട്ടറി ഫോർസെപ്സ് ഹർഷിനയുടെ വയറ്റിൽ കുടുങ്ങിയതെന്നു പൊലീസ് കണ്ടെത്തിയത്. സ്കാനിങ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം ഇത്തരമൊരു നിഗമനത്തിലെത്താൻ കഴിയില്ലെന്നാണ് മെഡിക്കൽ ബോർഡിലെ റേഡിയോളജിസ്റ്റിന്റെ വാദം.എന്നാൽ, 9 അംഗ മെഡിക്കൽ ബോർഡിൽ അന്വേഷണ ഉദ്യോഗസ്ഥനായ മെഡിക്കൽ കോളജ് എസിപി കെ.സുദർശൻ, പബ്ലിക് പ്രോസിക്യൂട്ടർ എം.ജയദീപ് എന്നിവർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നു. ബോർഡിലെ ഡോക്ടർമാർ റേഡിയോളജിസ്റ്റിന്റെ തീരുമാനത്തെ അനുകൂലിക്കുകയായിരുന്നു. ഇതു പ്രകാരമാണ് കത്രിക കുടുങ്ങിയത് മെഡിക്കൽ കോളജിൽ നിന്നാണെന്നു പറയാൻ പറ്റില്ലെന്നു ബോർഡ് തീരുമാനമെടുത്തത്. ജില്ലാ മെഡിക്കൽ ബോർഡിന്റെ തീരുമാനത്തിനെതിരെ സംസ്ഥാന മെഡിക്കൽ ബോർഡിനു പൊലീസ് അപ്പീൽ നൽകുകയായിരുന്നു.



## ഉക്രൈനിൽ മാർക്കറ്റിൽ സ്ഫോടനം: 16 മരണം

കീവ് ; ഉക്രൈനിലെ കിഴക്കൻ മേഖലയായ ഡൊണെട്സ്കിൽ മാർക്കറ്റിൽ സ്ഫോടനത്തിൽ 16 മരണം. കോസ്റ്റിയാന്റിനിവ്ക നഗരത്തിലാണ് ആക്രമണം.

നഗരത്തിലെ സ്ഫോടനത്തിന്റെ ദൃശ്യം സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചു. ആക്രമണത്തെ കുറിച്ച് റഷ്യ പ്രതികരിച്ചിട്ടില്ല.
കൊല്ലപ്പെട്ടവരിൽ കുട്ടികളും ഉൾപ്പെടും. ഇന്നലെ ഉച്ചയോടെയാണ് ആക്രമണം. റഷ്യയാണ് ആക്രമണത്തിനു പിന്നിലെന്ന് ഉക്രൈൻ പ്രസിഡന്റ് വ്ളോദ്മിർ സെലൻസ്കി പറഞ്ഞു. മരണസംഖ്യ ഉയർന്നേക്കുമെന്നും അദ്ദേഹം പറഞ്ഞു. 28 പേർക്ക് പരുക്കേറ്റിട്ടുണ്ടെന്നാണ് റിപ്പോർട്ട്. മാർക്കറ്റിലെ കടകളും ഫാർമസികളും ആക്രമണത്തിൽ തകർന്നു. രക്ഷാപ്രവർത്തനം നടന്നുവരികയാണെന്ന് പ്രധാനമന്ത്രി ഡെനിസ് ഷ്മിഹാൽ പറഞ്ഞു.

## ഉദയനിധി സ്റ്റാലിന്റെ തലവെട്ടാൻ പത്തുകോടി; സന്യാസിക്കെതിരെ കേസെടുത്ത് മധുര പൊലീസ്



ചെന്നൈ: സനാതനധർമ്മവുമായി ബന്ധപ്പെട്ട് ഡിഎംകെ നേതാവും തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിന്റെ മകനുമായ ഉദയനിധി സ്റ്റാലിന്റെ തലവെട്ടാൻ പത്തുകോടി വാഗ്ദാനം ചെയ്ത സന്യാസിക്കെതിരെ കേസ്. മധുര പൊലീസാണ് കേസ് എടുത്തത്. ഡിഎംകെ നിയമവിഭാഗത്തിന്റെ പരാതിയിലാണ് കേസ്. അയോധ്യയിലെ സന്യാസി ജഗദ്ഗുരു പരമഹംസ ആചാര്യയുടെതായിരുന്നു പ്രകോപനപരമായ ആഹ്വാനം.പ്രതീകാത്മകമായി മന്ത്രിയുടെ ചിത്രം വെട്ടുന്ന വീഡിയോയും സന്യാസി പങ്കുവെച്ചിരുന്നു.

വീഡിയോ ചിത്രീകരിച്ച വ്യക്തിക്കെതിരെയും കേസ് എടുത്തിട്ടുണ്ട്. കലാപാഹ്വാനം അടക്കം കുറ്റങ്ങൾ ചുമത്തിയാണ് എഫ്ഐആർ എടുത്തിരിക്കുന്നത്. 'ഉദയനിധി സ്റ്റാലിന്റെ ശിരസ് ഛേദിച്ച് അതുമായി എന്റെയടുത്ത് വരുന്നവർക്ക് ഞാൻ 10 കോടി രൂപ നൽകും. ആരും അതിനു തയാറാകുന്നില്ലെങ്കിൽ, ഞാൻ തന്നെ അയാളെ കണ്ടെത്തി കൊലപ്പെടുത്തും' ഇതായിരുന്നു അയോധ്യയിലെ തപസ്വി ചാവ്നി ക്ഷേത്രത്തിലെ മുഖ്യ പുരോഹിതൻ കൂടിയായ പരമഹംസ ആചാര്യയുടെ വാക്കുകൾ.അതേസമയം, തനിക്കെതിരെ ഉയർന്ന ഭീഷണികളെ ഉദയനിധി പരിഹസിച്ചു തള്ളിയിരുന്നു. തമിഴ്നാടിനു വേണ്ടി ജീവൻ ബലി കൊടുക്കാൻ തയാറായ വ്യക്തിയുടെ ചെറുമകനാണു താനെന്ന് വിശദീകരിച്ചുകൊണ്ടായിരുന്നു ഇത്. തന്റെ തലമുടി ചീകി വയ്ക്കാൻ വെറും 10 രൂപയുടെ ചീപ്പ് മതിയെന്നായിരുന്നു സന്യാസിയുടെ 10 കോടി രൂപ വാഗ്ദാനത്തിന് ഉദയനിധിയുടെ മറുപടി.ശനിയാഴ്ച ചെന്നൈയിലെ ഒരു പൊതുപരിപാടിയിൽ സംസാരിക്കുന്നതിനിടെയായിരുന്നു ഉദയനിധി സ്റ്റാലിന്റെ വിവാദ പരാമർശം. 'ചില കാര്യങ്ങൾ എതിർക്കാൻ കഴിയില്ല, അവ ഇല്ലാതാക്കാൻ മാത്രമേ കഴിയൂ. ഡെങ്കി, കൊതുകുകൾ, മലേറിയ, കൊറോണ പോലുള്ളവയെ നമുക്ക് എതിർക്കാൻ കഴിയില്ല. അവയെ ഇല്ലാതാക്കണം. അതുപോലെ സനാതന ധർമത്തെയും നമുക്ക് തുടച്ചുനീക്കണം', എന്നായിരുന്നു ഉദയനിധി സ്റ്റാലിന്റെ പ്രസ്താവന.

## ആലുവയിൽ വീണ്ടും ക്രൂരത; ജീവൻ രക്ഷിച്ചത് നാട്ടുകാരുടെ ഇടപെടൽ

കൊച്ചി: ആലുവയിൽ എട്ടു വയസ്സുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച സംഭവത്തിൽ പ്രതിക്കായി വ്യാപക തിരച്ചിൽ. ആലുവയും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ചാണ് പോലീസിന്റെ തിരച്ചിൽ നടക്കുന്നത്. പ്രതിയെ തിരിച്ചറിഞ്ഞതായി പോലീസ് നേരത്തെ പറഞ്ഞിരുന്നു.

ആലുവ ഭാഗത്ത് താമസിക്കുന്ന ഇയാൾ തിരുവനന്തപുരം സ്വദേശിയാണെന്നാണ് സൂചന. ഇയാളുടെ ചില സിസിടിവി ദൃശ്യങ്ങളും കണ്ടെടുത്തിട്ടുണ്ട്. പീഡനത്തിനിരയായ കുട്ടിയും തിരച്ചിൽ നടത്തിയ സമീപവാസികളും സിസിടിവി ദൃശ്യങ്ങളിൽ പ്രതിയെ തിരിച്ചറിഞ്ഞിട്ടുണ്ട. ഇയാൾ ചില മോഷണക്കേസുകളിൽ ഉൾപ്പെട്ടയാളാണെന്നും വിവരങ്ങളുണ്ട്. ആലുവ ചാത്തൻപുറത്തെ വീട്ടിൽ ഉറങ്ങികിടക്കുകയായിരുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ മകളായ എട്ടുവയസ്സുകാരിയെയാണ് വ്യാഴാഴ്ച പുലർച്ചെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചത്. ബിഹാർ സ്വദേശികളാണ് കുട്ടിയുടെ മാതാപിതാക്കൾ. കുട്ടിയുടെ അച്ഛൻ കഴിഞ്ഞദിവസം തിരുവനന്തപുരത്തേക്ക് പോയതിനാൽ അമ്മയും മൂന്ന് മക്കളും മാത്രമാണ് വീട്ടിലുണ്ടായിരുന്നത്. മക്കൾ വീട്ടിലെ ഹാളിലും അമ്മ മുറിയിലുമാണ് കിടന്നിരുന്നത്. ഇതിനിടെയാണ് പ്രതി വീടിന്റെ വാതിൽ തുറന്ന് ഉറങ്ങിക്കിടക്കുകയായിരുന്ന എട്ടുവയസ്സുകാരിയെ തട്ടിക്കൊണ്ടുപോയത്.ജനൽ വഴി കൈയ്യിട്ട് വാതിൽ തുറന്ന പ്രതി കുട്ടിയുമായി പുറത്തിറങ്ങിയശേഷം വാതിൽ പുറത്തുനിന്ന് പൂട്ടി കടന്നുകളയുകയായിരുന്നു. പ്രതി കുട്ടിയുമായി പോകുന്നതിനിടെ കരച്ചിൽ കേട്ടാണ് സമീപവാസികൾ വിവരമറിയുന്നത്. ശബ്ദം കേട്ട് സമീപവാസി പുറത്തേക്ക് നോക്കിയപ്പോൾ ഒരാൾ കുട്ടിയുമായി ഓടിപ്പോകുന്നത് കണ്ടിരുന്നു. ഇതോടെ മറ്റുള്ളവരെ വിവരമറിയിച്ച് തിരച്ചിൽ ആരംഭിച്ചു. ഇതോടെ പ്രതി കുട്ടിയെ സമീപത്തെ വയലിൽ ഉപേക്ഷിച്ച് രക്ഷപ്പെട്ടെന്നാണ് വിവരം. തിരച്ചിലിനിറങ്ങിയ നാട്ടുകാർ ചോരയൊലിച്ചനിലയിലാണ് പെൺകുട്ടിയെ കണ്ടെത്തിയത്. വിവസ്ത്രയായി കരഞ്ഞുകൊണ്ടുവന്ന കുട്ടി ഹിന്ദിയിലാണ് സംസാരിച്ചത്. ഇതോടെയാണ് ഇതരസംസ്ഥാന തൊഴിലാളികളുടെ മകളാണെന്ന് വ്യക്തമായത്. തുടർന്ന് കുട്ടിയെ വീട്ടിലേക്ക് കൊണ്ടുപോയപ്പോൾ വീടിന്റെ വാതിൽ പുറത്തുനിന്ന പൂട്ടിയിട്ടനിലയിലായിരുന്നു.പീഡനത്തിനിരയായ എട്ടുവയസ്സുകാരി നിലവിൽ ആശുപത്രിയിൽ ചികിത്സയിലാണ്. വ്യാഴാഴ്ച രാവിലെ കുട്ടിക്ക് ഒരു ശസ്ത്രക്രിയ നടത്തുമെന്നും ആരോഗ്യനില തൃപ്തികരമാണെന്നുമാണ് ആശുപത്രിയിൽനിന്നുള്ളവിവരം.



പ്രതി, സിസിടിവി ദൃശ്യത്തിൽ നിന്ന്

## വംശഹത്യ എന്ന പദം ഉദയനിധി ഉപയോഗിച്ചിട്ടില്ല, പിന്തുണച്ച് എം.ക സ്റ്റാലിൻ



ചെന്നൈ: സനാതന ധർമ വിവാദത്തിൽ മകനും മന്ത്രിയുമായ ഉദയനിധി സ്റ്റാലിനെ പിന്തുണച്ച് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ. വംശഹത്യ എന്ന പദം ഉദയനിധി ഉപയോഗിച്ചിട്ടില്ലെന്നും ബി.ജെ.പി വ്യാജപ്രചരണം നടത്തുകയാണെന്നും സ്റ്റാലിൻ പറഞ്ഞു.ഉദയനിധി എന്താണ് സംസാരിച്ചതെന്ന് അറിയാതെ പ്രധാനമന്ത്രി അഭിപ്രായം പറയുന്നത് അന്യായമാണെന്നും സ്റ്റാലിൻ കൂട്ടിച്ചേർത്തു. ''ബി.ജെ.പി വളർത്തിയെടുത്ത സോഷ്യൽ മീഡിയ വിഭാഗം ഈ അസത്യം ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വ്യാപകമായി പ്രചരിപ്പിച്ചു. എന്നിരുന്നാലും, 'വംശഹത്യ' എന്ന വാക്ക് തമിഴിലോ ഇംഗ്ലീഷിലോ ഉദയനിധി ഉപയോഗിച്ചിട്ടില്ല. എന്നിട്ടും അങ്ങനെ അവകാശപ്പെട്ട് നുണകൾ പ്രചരിപ്പിച്ചു,'' സ്റ്റാലിൻ പറഞ്ഞു. ഉദയനിധിയുടെ തല വെട്ടുന്നവർക്ക് 10 കോടി പാരിതോഷികം പ്രഖ്യാപിച്ച സന്യാസിക്കെതിരെ യുപി സർക്കാർ എന്തെങ്കിലും നടപടി എടുത്തോ എന്ന് തമിഴ്നാട് മുഖ്യമന്ത്രി ചോദിച്ചു. പകരം ഉദയനിധിക്കെതിരെ കേസുകൾ കൊടുത്തു.ഉദയനിധിയെക്കുറിച്ച് പ്രചരിക്കുന്ന നുണകളെക്കുറിച്ച് പ്രധാനമന്ത്രി അറിഞ്ഞുകൊണ്ടാണോ അതോ അറിയാതെയാണോ സംസാരിക്കുന്നതെന്നും സ്റ്റാലിൻ ചോദിച്ചു. ഉദയനിധിയുടെ പരാമർശത്തിന് തക്കതായ മറുപടി നൽകണമെന്നായിരുന്നു പ്രധാനമന്ത്രി കേന്ദ്രമന്ത്രിമാരോട് പറഞ്ഞത്.

ജി 20 സമ്മേളനത്തിനു മുന്നോടിയായി ഡൽഹിയിൽ ചേർന്ന മന്ത്രിസഭായോഗത്തിലായിരുന്നു മോദി ഇക്കാര്യം പറഞ്ഞത്.'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്നത് ഒരു രാഷ്ട്രീയ ഗിമ്മിക്ക് ആണെന്നും പ്രതിപക്ഷ സഖ്യത്തിൽ ഭിന്നത സൃഷ്ടിക്കാനാണ് കേന്ദ്ര സർക്കാർ ഇത് നിർദ്ദേശിച്ചതെന്നും തമിഴ്നാട് മുഖ്യമന്ത്രി പറഞ്ഞു.സനാതനയിലെ വിവേചനപരമായ നടപടികളിൽ ബി.ജെ.പിക്ക് സത്യത്തിൽ ആശങ്കയില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ഡിഎംകെ പോലെ വർഷങ്ങളുടെ പാരമ്പര്യമുള്ള പാർട്ടിയുടെ സൽപ്പേരിന് കളങ്കമുണ്ടാക്കാൻ കഴിയുമെന്ന് ബിജെപി വിശ്വസിക്കുന്നുവെങ്കിൽ, അവർ ആ മണലിൽ മുങ്ങിപ്പോകും.''ചില വ്യക്തികൾ ഇപ്പോഴും ആത്മീയ വേദികളിൽ സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്നു. സ്ത്രീകൾ ജോലി ചെയ്യരുത്, വിധവകളായ സ്ത്രീകൾ പുനർവിവാഹം ചെയ്യരുത്, പുനർവിവാഹത്തിന് ആചാരങ്ങളോ മന്ത്രോച്ചാരണങ്ങളോ ഇല്ല.മനുഷ്യരാശിയുടെ പകുതിയിലധികം വരുന്ന സ്ത്രീകളെ അടിച്ചമർത്താൻ അവർ 'സനാതന' എന്ന പദം ഉപയോഗിക്കുന്നു.അത്തരം അടിച്ചമർത്തൽ ആശയങ്ങൾക്കെതിരെ മാത്രമേ ഉദയനിധി ശബ്ദമുയർത്തൂ, ആ ആശയങ്ങളിൽ അധിഷ്ഠിതമായ ആചാരങ്ങൾ ഉന്മൂലനം ചെയ്യാൻ ആഹ്വാനം ചെയ്തു'' സ്റ്റാലിൻ വിശദമാക്കി.

## 'ആലുവ പാലസിൽ മുഖ്യമന്ത്രിക്ക് കനത്ത സുരക്ഷ, 8 വയസുകാരി ബലാത്സംഗത്തിന് ഇരയായത് തൊട്ടടുത്ത്'; വിമർശിച്ച് സതീശൻ



കൊച്ചി: ആലുവയിൽ പെൺകുട്ടിക്കുനേരെ ആക്രമണം ആവർത്തിച്ചത് പൊലീസ് അനാസ്ഥയുടെ തെളിവാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.

സ്ത്രീകളും കുട്ടികളും ഏറ്റവും കൂടുതൽ അക്രമത്തിന് ഇരയാവുന്ന നാടായി കേരളം മാറിയെന്ന് സതീശൻ വിമർശിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ആവർത്തിച്ചിട്ടും സർക്കാർ അനാസ്ഥ തുടരുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.
പൊലീസ് പട്രോളിംഗ് കാര്യക്ഷമമല്ല. ആലുവ പാലാസിൽ മുഖ്യമന്ത്രിക്ക് ആവശ്യത്തിന് പൊലീസ് സുരക്ഷ ഉണ്ടായിരുന്നു. തൊട്ടടുത്താണ് കുട്ടി ബലാത്സംഗത്തിന് ഇരയായതെന്നും വി ഡി സതീശൻ വിമർശിച്ചു.
പൊലീസിനിഷ്ടം ഗ്രോ വാസുവിനോട് വിരോധം തീർക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പൊലീസ് ജനങ്ങൾക്ക് മുന്നിൽ പരിഹാസ്യമാകുന്ന കാഴ്ചയാണ് കാണുന്നത്. മുഖ്യമന്ത്രി ഒന്നും അറിയുന്നില്ല. മുഖ്യമന്ത്രിയുടെ പൊതുഭരണ വകുപ്പിൽ ഒരു കോർപറേഷൻ ചെയർമാനെ മാറ്റി പുതിയ ആളെ നിയമിച്ചത് പോലെ മുഖ്യമന്ത്രി അറിഞ്ഞില്ലെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി. എന്ത് തമാശയാണ് കേരളത്തിൽ നടക്കുന്നതെന്നും ആരാണ് മുഖ്യമന്ത്രിയുടെ ഓഫീസ് ഭരിക്കുന്നതെന്നും വി ഡി സതീശൻ ചോദിച്ചു.
സ്വപ്ന തുല്യമായ വിജയം പുതുപ്പള്ളിയിൽ യുഡിഎഫിന് ഉണ്ടാകുമെന്നും വി ഡി സതീശൻ കൂട്ടിച്ചേർത്തു. പരമാവധി വോട്ടുകൾ പോൾ ചെയിപ്പിച്ചിട്ടുണ്ട്.
ജെയ്കിന് കഴിഞ്ഞ തവണ ലഭിച്ച വോട്ടിൽ കുറവുണ്ടായാൽ ഉത്തമരായ കമ്മ്യൂണിസ്റ്റുകാർ ചാണ്ടി ഉമ്മന് വോട്ട് ചെയ്തുവെന്നും സമതിക്കാൻ എം വി ഗോവിന്ദൻ തയാറാകുമോയെന്നും പ്രതിപക്ഷ നേതാവ് ചോദിച്ചു.

## സംസ്ഥാനത്ത് 43 മെഡിക്കൽ പി. ജി. സീറ്റുകൾക്ക് അനുമതി

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പുതുതായി 43 മെഡിക്കൽ പി.ജി. സീറ്റുകൾക്ക് കേന്ദ്രം അനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.

ആലപ്പുഴ മെഡിക്കൽ കോളേജ് 13, എറണാകുളം മെഡിക്കൽ കോളേജ് 15, കണ്ണൂർ മെഡിക്കൽ കോളേജ് 15 എന്നിങ്ങനെയാണ് സീറ്റുകൾ വർധിപ്പിക്കുന്നത്.സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പി.ജി. സീറ്റുകൾ വർധിപ്പിച്ച് ശക്തിപ്പെടുത്തിപ്പെടുത്തുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും വേണ്ടിയുള്ള സ്കീം അനുസരിച്ചാണ് സീറ്റുകൾ വർധിപ്പിച്ചത്. 28 സ്പെഷ്യാലിറ്റി സീറ്റുകൾക്കും 9 സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾക്കും അനുമതി നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടെന്നും ഇതുകൂടാതെയാണ് ഇപ്പോൾ 43 പി.ജി സീറ്റുകൾ കൂടി ലഭ്യമാകുന്നതെന്നും മന്ത്രി പറഞ്ഞു.

ആലപ്പുഴ മെഡിക്കൽ കോളേജിൽ അനസ്തേഷ്യ 2, കമ്മ്യൂണിറ്റി മെഡിസിൻ 2, ഡെർമറ്റോളജി 1, ഫോറൻസിക് മെഡിസിൻ 1, ജനറൽ മെഡിസിൻ 2, ജനറൽ സർജറി 2, പത്തോളജി 1, ഫാർമക്കോളജി 1, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ 1 എന്നിങ്ങനെയും എറണാകുളം മെഡിക്കൽ കോളേജിൽ അനസ്തേഷ്യ 2, ഓർത്തോപീഡിക്സ് 2, ജനറൽ മെഡിസിൻ 1, റേഡിയോ ഡയഗ്നോസിസ് 2, ഗൈനക്കോളജി 2, ജനറൽ സർജറി 2, കമ്മ്യൂണിറ്റി മെഡിസിൻ 1, ഫോറൻസിക് മെഡിസിൻ 1, റെസ്പിറേറ്ററി മെഡിസിൻ 1, ഒഫ്ത്താൽമോളജി 1 എന്നിങ്ങനെയും കണ്ണൂർ മെഡിക്കൽ കോളേജിൽ അനസ്തേഷ്യ 1, ജനറൽ മെഡിസിൻ 1, റേഡിയോ ഡയഗ്നോസിസ് 2, ഗൈനക്കോളജി 1, ജനറൽ സർജറി 1, പീഡിയാട്രിക്സ് 2, ഫോറൻസിക് മെഡിസിൻ 2, റെസ്പിറേറ്ററി മെഡിസിൻ 1, എമർജൻസി മെഡിസിൻ 2, ഓർത്തോപീഡിക്സ് 2 എന്നിങ്ങനെയുമാണ് പി.ജി. സീറ്റുകൾ അനുവദിച്ചത്.

## കൊക്കയിലേക്ക് മറിഞ്ഞ കാർ പാറക്കെട്ടിൽ തങ്ങി; ഉടുതുണി അഴിച്ച് വടമാക്കി സാഹസികമായി രക്ഷിച്ച് മലപ്പുറത്തെ യുവാക്കൾ

മലപ്പുറം: ഇടുക്കിയിൽ കൊക്കയിലേക്ക് മറിഞ്ഞ കാർ പാറക്കെട്ടിൽ തങ്ങിയതോടെ ഉടുതുണി അഴിച്ച് വടമാക്കി സാഹസികമായി രക്ഷിച്ച് മലപ്പുറത്തെ ഒരുപറ്റം യുവാക്കൾ. മലപ്പുറം കൂട്ടിലങ്ങാടിയിലെ സുഹൃത്തുക്കളായ 14 പേരടങ്ങുന്ന സംഘം ഇടുക്കിയിൽ വിനോദയാത്ര കഴിഞ്ഞ് മടങ്ങിവരവെയാണ് സംഭവം. തൊടുപുഴ റൂട്ടിൽ ഇടുക്കി ഡാമിനും കുളമാവ് ഡാമിനുമിടയിൽ വിജനമായ സ്ഥലത്തെത്തിയപ്പോൾ ഓട്ടോ ഡ്രൈവർ ഇവരുടെ വാഹനം കൈ കാണിച്ചാണ് കാർ കൊക്കയിലേക്ക് മറിഞ്ഞ വിവരം അറിയിച്ചത്. അതു വഴി കടന്ന് പോയ പല വാഹനങ്ങളെയും വിവരം അറിയിച്ചെങ്കിലും ആരും നിർത്തിയില്ലെന്നും ഓട്ടോ ഡ്രൈവർ ഇവരെ അറിയിച്ചു.

സംഘം വാൻ നിർത്തി നോക്കിയപ്പോൾ ഇരുവശവും പേടിപ്പെടുത്തുന്ന കൊക്ക. ഇവിടെ 20 അടി താഴ്ചയിൽ പാറയിൽ തങ്ങി നിൽക്കുകയാണ് ഒരു കുടുംബം സഞ്ചരിച്ച കാർ.

പൊലീസിനെയും ഫയർ സർവീസിനെയോ വിവരം അറിയിക്കാൻ മൊബൈൽ ഫോണിൽ റൈഞ്ചുമില്ലാതായതോടെയാണ് മലപ്പുറത്തെ യുവാക്കൾ സ്വയം മാലാഖമാരായി അവതരിച്ചത്.

ഇതോടെ അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാൻ യുവാക്കൾ തീരുമാനിച്ചു. സംഘത്തിലെ മൂന്ന് പേരുടെ ഉടുതുണി അഴിച്ച് കൂട്ടിക്കെട്ടി വടമാക്കി. സംഘത്തിലെ യൂനുസും ഹാരിസും സാഹസികമായി താഴെ ഇറങ്ങി മറ്റുള്ളവരുടെ സഹായത്തോടെ കാറിലുണ്ടായിരുന്നവരെ രക്ഷപ്പെടുത്തി റോഡിലേക്ക് കയറ്റുകയായിരുന്നു.

രണ്ട് പുരുഷനും ഒരു സ്ത്രീയുമടങ്ങുന്ന കുടുംബമായിരുന്നു കാറിലുണ്ടായിരുന്നത്. ഇവരെ മറ്റൊരു വാഹനത്തിൽ ഇടുക്കി താലൂക്ക് ആശുപത്രിയിലേക്ക് എത്തിച്ചു. പിന്നീട് അൽപ്പം കൂടി മുന്നോട്ട് നീങ്ങി കുളമാവ് ഡാമിന്റെ സുരക്ഷാ ജോലിക്കാരനോട് വിവരം പറഞ്ഞ് ഫോൺ നമ്പറും നൽകിയാണ് സംഘം യാത്ര തുടർന്നത്.

സുരക്ഷാ ജോലിക്കാരാണ് പിന്നീട് വിവരം പൊലീസിനെ അറിയിച്ചത്. കാറിലുണ്ടായിരുന്നവരുടെ വിലാസമോ മറ്റോ ഒന്നും ശേഖരിച്ചിരുന്നില്ലെന്നും നാട്ടിലെത്തിയ ശേഷം പരിക്കേറ്റവർ ആശുപത്രിയിൽ സുഖം പ്രാപിച്ചുവരുന്നതായി പോലീസിൽ നിന്ന് വിളിച്ച് അറിയിച്ചതായും സംഘത്തിലെ യൂനുസ് പറഞ്ഞു.

കൂട്ടിലങ്ങാടി കീരംകുണ്ട് സ്വദേശികളായ വി.യൂനുസ്, ടി.ഹാരിസ്, കെ.മുസ്തഫ, സി.എച്ച് ഇബ്രാഹീം, യു.ഹസ്സൻ, ടി.ഷബീബ്, പി.കെ അഷ്റഫ്, എം.അയ്യൂബ്, കെ.ഷാജിമോൻ, എ.മുജീബ്, എം.അനീസ്, പി.അബ്ദുൽകരീം. പി.അൻവർ, സി.എച്ച് റഷീദ് എന്നിവരാണ് വിനോദയാത്രാ സംഘത്തിൽ ഉണ്ടായിരുന്നത്.

# ചുമരിൽ ചാരിവെച്ച കിടക്ക ദേഹത്തു വീണു; രണ്ടു വയസ്സുകാരൻ മരിച്ചു



കോഴിക്കോട്: ചുമരിൽ ചാരിവെച്ച കിടക്ക ദേഹത്തു വീണ് രണ്ടു വയസ്സുകാരൻ മരിച്ചു. കോഴിക്കോട് മുക്കത്ത് ഇന്നലെ വൈകീട്ടാണ് അപകടം. മുക്കം മണാശേരി സ്വദേശി സന്ദീപ്-ജിൻസി ദമ്പതികളുടെ മകൻ ജെഫിൻ ആണ് മരിച്ചത്. കുട്ടിയെ ഉറക്കി കിടത്തിയശേഷം അമ്മ കുളിക്കാൻ പോയപ്പോഴാണ് അപകടമുണ്ടായത്. കുളി കഴിഞ്ഞെത്തിയപ്പോൾ കുട്ടി മെത്തയുടെ അടിയിൽ കിടക്കുകയായിരുന്നുവെന്ന് അമ്മയും മറ്റു ബന്ധുക്കളും പറയുന്നത്. ഉടൻ തന്നെ കുട്ടിയെ കോഴിക്കോട് കെഎംസിടി ആശുപത്രിയിലെത്തിച്ചു. എന്നാൽ ആശുപത്രിയിൽ എത്തിക്കുന്നതിനു മുമ്പു തന്നെ കുട്ടി മരിച്ചിരുന്നതായി ഡോക്ടർമാർ വ്യക്തമാക്കി. പോസ്റ്റ്മോർട്ടത്തിനായി കുട്ടിയുടെ മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി.

# പാലേരി രമേശന് സഹകാരി സ്വീകരണം നാളെ

വടകര: സംസ്ഥാനത്തെ മികച്ച സഹകാരിക്കുള്ള കേരള സർക്കാരിന്റെ റോബർട്ട് ഓവൻ പുരസ്കാരം നേടിയ യുഎൽസിസി എസ് ചെയർമാൻ പാലേരി രമേശിന് സഹകാരികളുടെ നേതൃത്വത്തിൽ സ്വീകരണം നൽകും.

നാളെ (വ്യാഴം) വൈകിട്ട് 4.30ന് വടകര പുതിയ സ്റ്റാന്റ് പരിസരത്ത് നടക്കുന്ന പരിപാടി സ്പീക്കർ എ.എൻ.ഷംസീർ ഉദ്ഘാടനം ചെയ്യും. പരിപാടിയുടെ വിജയത്തിനായി സംഘാടക സമിതി രൂപീകരിച്ചു. യോഗത്തിൽ മനയത്ത് ചന്ദ്രൻ അധ്യക്ഷത വഹിച്ചു. ഐ.മൂസ, പി.കെ.ദിവാകരൻ, വി.പി.കുഞ്ഞികൃഷ്ണൻ, പി.സുരേന്ദ്രൻ, പി.ശ്രീധരൻ, ബാബു ഒഞ്ചിയം, കെ.എം. ബാബു, കെ.എം.മനോജൻ, പി.രമേശ് ബാബു, വി.പി.ഗോപാലകൃഷ്ണൻ, സി.കുമാരൻ, കെ.എം.നാരായണൻ, പി.കെ.കുഞ്ഞിക്കണ്ണൻ, ഓടത്തിൽ ബാലൻ, പ്രവീൺ, കെ.സി.ബാലകൃഷ്ണൻ, സംസാരിച്ചു. ഭാരവാഹികൾ മനയത്ത് ചന്ദ്രൻ (ചെയർമാൻ), ഐ മൂസ(ജന.കൺവീനർ), പി.കെ.ദിവാകരൻ(ട്രഷറർ).

# ഗ്രോ വാസുവിനെതിരായ കേസ് പിൻവലിക്കണം; മുഖ്യമന്ത്രിക്ക് പ്രതിപക്ഷ നേതാവിന്റെ കത്ത്

തിരുവനന്തപുരം: മനുഷ്യാവകാശ പ്രവർത്തകൻ ഗ്രോ വാസുവിനെതിരായ കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വിഡി സതീശൻ മുഖ്യമന്ത്രിക്ക് കത്തയച്ചു. ഗ്രോ വാസുവിനോടുള്ള പൊലീസിന്റെ പെരുമാറ്റത്തിൽ മനുഷ്യത്വപരമായ സമീപനം വേണമെന്നും വിഡി സതീശൻ മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടു. കഴിഞ്ഞ ദിവസം കോടതിയിൽ ഹാജരാക്കിയപ്പോൾ അദ്ദേഹത്തിന്റെ മുഖം തൊപ്പി കൊണ്ട് മറച്ച പൊലീസിന്റെ സമീപനവും മാധ്യമങ്ങളോട് സംസാരിക്കാൻ അനുവദിക്കാത്തതും ഒരിക്കലും ന്യായീകരിക്കാൻ കഴിയില്ല. എന്താണ് ഗ്രോ വാസു ചെയ്ത കുറ്റമെന്നും സതീശൻ കത്തിൽ ചോദിക്കുന്നു. നിയമസഭ അടിച്ചുപൊളിച്ച കേസ് ഉൾപ്പടെ എഴുതിത്തള്ളാൻ വ്യഗ്രത കാണിച്ച സർക്കാരാണ് താങ്കളുടേത്. എന്നിട്ടും എന്തുകൊണ്ടാണ് ഗ്രോ വാസുവിനെതിരായ കേസ് പിൻവലിക്കാൻ നടപടി സ്വീകരിക്കാത്തത്. രാഷ്ട്രീയ എതിരാളികളെ അരുംകൊല ചെയ്തവരും ആൾ മാറാട്ടം നടത്തിയവരും വ്യാജരേഖ നിർമ്മിച്ച സിപിഎം നേതാക്കളും പുറത്ത് വിലസി നടക്കുന്നു. അവരെ അറസ്റ്റ് ചെയ്യാൻ പോലും പൊലീസ് തയ്യാറാവുന്നില്ലെന്നതുൾപ്പടെ സമീപകാല സംഭവങ്ങളിൽ പൊലീസിന്റെ നിഷ്ക്രിയത്വവും സതീശൻ കത്തിൽ ചൂണ്ടിക്കാട്ടി.

ഇതാദ്യമായാണ് ഗ്രോവാസുവിനെതിരായ കേസ് പിൻവലിക്കണമെന്നാവശ്യവുമായി കോൺഗ്രസ് രംഗത്തുവരുന്നത്. മനുഷ്യാവകാശ പ്രവർത്തകരും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും സമാനമായ ആവശ്യവുമായി രംഗത്തുവന്നിരുന്നു.

# ഫാൻ ഉപയോഗിക്കുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ വൈദ്യുതി ലാഭിക്കാം; മാർഗനിർദേശവുമായി കെഎസ്ഇബി

തിരുവനന്തപുരം: കാലവർഷത്തിൽ മഴയുടെ ലഭ്യത കുറഞ്ഞതിനാൽ വൈദ്യുതി പ്രതിസന്ധി നേരിടുകയാണ് സംസ്ഥാനം.

പ്രതിസന്ധി രൂക്ഷമാകാതാരിക്കാൻ വൈദ്യുതി ഉപയോഗത്തിൽ ജനങ്ങൾ കുറച്ച് ശ്രദ്ധ ചെലുത്തിയാൽ പ്രശ്നത്തിന്റെ തീവ്രത കുറയ്ക്കാൻ കഴിയുമെന്നാണ് കെഎസ്ഇബി പറയുന്നത്. വൈദ്യുതി കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് വീണ്ടും ചില മാർഗനിർദേശങ്ങൾ ഫെയ്സ്ബുക്കിലൂടെ പങ്കുവെച്ചിരിക്കുകയാണ് കെഎസ്ഇബി.

ഫാനുമായി ബന്ധപ്പെട്ടാണ് പുതിയ മാർഗനിർദേശം. ഫാൻ വാങ്ങുമ്പോഴും ഉപയോഗിക്കുമ്പോഴും ഒന്ന് ശ്രദ്ധിച്ചാൽ വൈദ്യുതിച്ചെലവ് നന്നായി നിയന്ത്രിക്കാൻ കഴിയുമെന്ന് കെഎസ്ഇബി പറയുന്നു. 'നമ്മുടെ പലരുടെയും വീട്ടിൽ സാധാരണ റെസിസ്റ്റീവ് റെഗുലേറ്ററുകളായിരിക്കും ഉണ്ടാവുക.

ഇത്തരം റെഗുലേറ്ററുകൾ ഉപയോഗിക്കുമ്പോൾ വൈദ്യുതി ചൂടിന്റെ രൂപത്തിൽ നഷ്ടപ്പെടും. എന്നാൽ ഇലക്ട്രോണിക് റെഗുലേറ്ററുകൾ ഉപയോഗിച്ചാൽ ഈ നഷ്ടം ഒഴിവാക്കാം. അതിൽത്തന്നെ, സ്റ്റെപ്പ് ടൈപ്പ് റെഗുലേറ്ററുകളാണ് കൂടുതൽ ഉത്തമം.'- കെഎസ്ഇബി പറയുന്നു.'60 വാട്സ് പവർ റേറ്റിംഗുള്ള ഒരു സാധാരണ സീലിംഗ് ഫാൻ 8 മണിക്കൂർ ഉപയോഗിക്കുമ്പോൾ അര യൂണിറ്റ് വൈദ്യുതി ചെലവാകും. ഫാൻ കഴിയുന്നതും മീഡിയം സ്പീഡിൽ ഉപയോഗിക്കുന്നതാണ് വൈദ്യുതിച്ചെലവ് കുറയ്ക്കാൻ നല്ലത്.'- കെഎസ്ഇബി വിശദീകരിക്കുന്നു.

# 'ഈ നാട് ഇന്ത്യയായി തന്നെ നിലനിൽക്കണം: വിഡി സതീശൻ

തിരുവനന്തപുരം: ഇന്ത്യ എന്ന പേര് മാറ്റി ഭാരതം എന്നാക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ പ്രതിപക്ഷനേതാവ് വിഡി സതീശൻ രം?ഗത്ത്. 'ഇന്ത്യ' എന്നതു പോലെ ഇമ്പവും സ്നേഹവും അഭിമാനവും ഒഴുകിച്ചേരുന്നൊരു പേര് മറ്റൊന്നില്ല എന്നാണ് വിഡി സതീശൻ ഫെയ്സ്ബുക്കിൽ കുറിച്ചത്. രാജ്യത്തിന്റെ പേരുമാറ്റത്തിലൂടെ വിലപ്പെട്ടതെല്ലാം മാറ്റിമറിക്കാനും പ്രിയപ്പെട്ടതെല്ലാം തച്ചുടക്കാനുമുള്ള നീചവും യുക്തിരഹിതവുമായ ശ്രമമാണ് നടക്കുന്നത്. വിവിധ കാലങ്ങളുടെ, ചരിത്രവഴികളിലൂടെ സമ്മേളിച്ച് രൂപമെടുത്ത പേരാണ് ഇന്ത്യ. ഈ നാട് ഇന്ത്യയായി തന്നെ നിലനിൽക്കണമെന്നും അദ്ദേഹം കുറിച്ചു.

**വിഡി സതീശന്റെ കുറിപ്പ് വായിക്കാം**

'ഇന്ത്യ' എന്നതു പോലെ ഇമ്പവും സ്നേഹവും അഭിമാനവും ഒഴുകിച്ചേരുന്നൊരു പേര് മറ്റൊന്നില്ല. സിന്ധു തടങ്ങളിൽ വസിക്കുന്നവർ സൈന്ധവർ, അവർ ഹിന്ദു ആയി അവർ വസിച്ച ഇടം ഹിന്ദുസ്ഥാനും ഇന്ത്യയുമായി. ഗ്രീക്കുകാർ മുതൽ ഈ മണ്ണിലേക്ക് ഒടുവിലെത്തിയ ബ്രിട്ടീഷുകാർ വരെ നമ്മുടെ സംസ്കൃതിയെ രൂപപ്പെടുത്തി, ഭാഷയെ സമ്പുഷ്ടമാക്കി.

സങ്കലനത്തിന്റെ, മഹാ സംസ്കൃതിയുടെ പേരാണ് ഇന്ത്യ. ഓരോ ഇന്ത്യൻ പൗരന്റെയും ഇന്ത്യയെ സ്നേഹിക്കുന്നവരുടെയും ആത്മാവിൽ ആലേഖനം ചെയ്യപ്പെട്ട പേരാണ് ഇന്ത്യ. ആസേതു ഹിമാചലം വിശാലമായ സുജലയും സുന്ദരിയും ശോഭ നിറഞ്ഞവളുമായ മഹാമാതൃ രൂപമാണ് ഇന്ത്യ. ആധുനിക ഇന്ത്യ എന്തെല്ലാം ചരിത്ര സന്ധികളിലൂടെ കടന്നു പോയി... ആരെല്ലാം ഈ നാടിനായി പൊരുതി മരിച്ചു... എത്രയെത്ര കോടി ജനങ്ങൾ ഈ നാടിനായി അക്ഷീണം പ്രയത്നിച്ചു.

ഇന്ത്യ എന്ന മഹാ സങ്കൽപ്പത്തെ നാം ഒരോരുത്തരും അഗാധമായും ആത്മാർഥമായും സ്നേഹിച്ചു. രാജ്യത്തിന്റെ പേരുമാറ്റത്തിലൂടെ വിലപ്പെട്ടതെല്ലാം മാറ്റിമറിക്കാനും പ്രിയപ്പെട്ടതെല്ലാം തച്ചുടക്കാനുമുള്ള നീചവും യുക്തിരഹിതവുമായ ശ്രമമാണ് നടക്കുന്നത്.

RSS എന്ന സംഘടനയുടെ മതാധിഷ്ഠിത രാഷ്ട്രീയ ഗൂഢാലോചനയാണ് കേന്ദ്ര സർക്കാരിന്റെ നീക്കത്തിലൂടെ പുറത്തു വരുന്നത്. വിവിധ കാലങ്ങളുടെ, ചരിത്രവഴികളിലൂടെ സമ്മേളിച്ച് രൂപമെടുത്ത പേരാണ് ഇന്ത്യ. അത് ഒരു സംസ്ക്കാരമാണ്... ഓർമ്മകളും ഭാവിയുടെ സ്വപ്നങ്ങളുമാണ്... ഈ നാട് ഇന്ത്യയായി തന്നെ നിലനിൽക്കണം. മതേതര ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കായി.

ഗാന്ധി ഘാതകരുടെ കാൽക്കൽ അടിയറ വയ്ക്കാനുള്ളതല്ല സിന്ധുവിന്റെ സംസ്കൃതിയിലൂടെ പരന്നൊഴുകി ഇന്ത്യൻ മഹാസമുദ്രത്തിൽ പാദം ചേർക്കുന്ന ഈ മണ്ണ്. ഉറപ്പിച്ച് തന്നെ പറയാം; എന്റെ നാടിന്റെ പേര് ഇന്ത്യ, ഞങ്ങൾ ഇന്ത്യക്കാർ.

# മൂന്നരവർഷമായി ഒരുമിച്ച് താമസം; ബംഗളൂരുവിൽ മലയാളി യുവാവിനെ ലിവ് ഇൻ പങ്കാളി കുത്തിക്കൊന്നു

ബംഗളൂരു; ബംഗളരൂവിൽ മലായാളി യുവാവിനെ ലിവ് ഇൻ പങ്കാളി കുത്തിക്കൊന്നു. 29കാരനായ പാനൂർ അണിയാരം ഫാത്തിമാസിൽ ജാവേദാണ് കൊല്ലപ്പെട്ടത്.

കഴിഞ്ഞ മൂന്നരവർഷമായി ഇയാൾക്കൊപ്പം താമസിച്ചിരുന്ന രേണുക എന്ന യുവതിയാണ് കൊലപാതകം നടത്തിയത്. പ്രതിയായ യുവതി കർണാടകത്തിലെ ബെലഗാവി സ്വദേശിയാണ്.

കഴിഞ്ഞ മൂന്നരവർഷമായി ഇവർ ഇരുവരും ബംഗളുരു നഗരത്തിലെ ലോഡ്ജുകളിലും സർവീസ് അപ്പാർട്ട്മെന്റുകളിലും വാടകവീടുകളിലുമായി മാറിമാറി താമസിച്ചുവരികയായിരുന്നു.ഇരുവരും തമ്മിൽ ചൊവ്വാഴ്ച വൈകിട്ട് മുതൽ രൂക്ഷമായ വാക്കുതർക്കമുണ്ടായിരുന്നതായി അയാൽവാസികൾ പറഞ്ഞു. അതിനിടെ, രേണുക കത്തിയെടുത്ത് ജാവേദിന്റെ നെഞ്ചിൽ കുത്തുകയായിരുന്നു.

നിലവിളി കേട്ട് ഓടിയെത്തിയ അപ്പാർട്ട്മെന്റിലെ അയൽവാസികൾ എത്തിയപ്പോൾ രക്തത്തിൽ കുളിച്ച നിലയിൽ ജാവേദിനെ കണ്ടെത്തി. രേണുക ജാവേദിന് സമീപം ഇരിക്കുകയായിരുന്നു.

ഉടൻതന്നെ ജാവേദിനെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

അയൽക്കാർ വിവരം അറിയിച്ചതിനെ തുടർന്ന് ഹുളിമാവ് പൊലീസ് സ്ഥലത്തെത്തി രേണുകയെ അറസ്റ്റ് ചെയ്തു. ചോദ്യം ചെയ്യലിൽ യുവതി കുറ്റം സമ്മതിച്ചു. പൊലീസ് വിവരം അറിയിച്ചതിനെ തുടർന്ന് ജാവേദിന്റെ ബന്ധുക്കൾ സ്ഥലത്തെത്തിയിട്ടുണ്ട്.

മൃതദേഹം ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും.

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചു; കണ്ണൂരിൽ വ്യാജ സിദ്ധൻ അറസ്റ്റിൽ



കണ്ണൂർ: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച വ്യാജ സിദ്ധൻ അറസ്റ്റിൽ. കണ്ണൂർ കൂത്തുപറമ്പിൽ മന്ത്രവാദ കേന്ദ്രം നടത്തുന്ന ജയേഷ് ആണ് അറസ്റ്റിലായത്.

എലിപറ്റച്ചിറയിൽ ചാത്തൻ സേവാ കേന്ദ്രം നടത്തുകയാണ് ഇയാൾ.പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചതായി ബന്ധുക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി. കുറച്ചു നാളുകൾക്ക് മുമ്പായിരുന്നു പീഡനം നടന്നത്.

പിന്നീട് കുട്ടി അസ്വസ്ഥത പ്രകടിപ്പിച്ചതിനെത്തുടർന്ന് കൗൺസിലിങ്ങിന് വിധേയമാക്കിയപ്പോഴാണ് പീഡന വിവരം പുറത്തറിയുന്നത്. ഇയാളുടെ മന്ത്രവാദ കേന്ദ്രത്തിനെതിരെ നേരത്തെയും പരാതികൾ ഉയർന്നു വന്നിരുന്നു. തുടർന്ന് യുവജനസംഘടനകൾ മന്ത്രവാദ കേന്ദ്രത്തിനെതിരെ പ്രതിഷേധവും സംഘടിപ്പിച്ചിട്ടുണ്ട്.




മാഹി മേഖലാതല അധ്യാപക ദിനാചരണം രമേശ് പറമ്പത്ത് ഉദ്ഘാടനം ചെയ്യുന്നു

# അദ്ധ്യാപക ക്ഷാമത്തിന് ഉടൻ പരിഹാരം ഉണ്ടാവും രമേശ് പറമ്പത്ത് എം. എൽ. എ

മാഹി: മാഹി മേഖലയിലെ അദ്ധ്യാപക ക്ഷാമത്തിന് ഉടൻ പരിഹാരം ഉണ്ടാവുമെന്ന് രമേശ് പറമ്പത്ത് എം എൽ എ പറഞ്ഞു. മാഹി മേഖലാതല അദ്ധ്യാപക ദിനാചരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. അദ്ധ്യാപക ക്ഷാമത്തിനിടയിലും അധ്യയനം മുടങ്ങാതെ മികച്ച രീതിയിൽ നടത്തുന്ന അദ്ധ്യാപകരുടെ സേവനം പ്രശംസനീയമാണെന്നുംഅദ്ദേഹം ചൂണ്ടിക്കാട്ടി. റീജ്യണൽ അഡ്മിനിസ്ട്രേറ്റർ ശിവരാജ് മീണ അധ്യക്ഷത വഹിച്ചു. എം എം തനൂജ വൈസ് പ്രിൻസിപ്പാൾ വി.എൻ.പി.ജി.എച്ച്. എസ്. എസ് പള്ളൂർ, പി ഉത്തമരാജൻ റിട്ട: സി ഒ എ മാഹി അജിത്ത് പ്രസാദ് ജനറൽ സെക്രട്ടറി ജി.എസ്.ടി.എ മാഹി) ടി വി സഖിത ജനറൽ സെക്രട്ടറി ജി.ടി.ഒ മാഹി സി എം എൽസമ്മ, എ ടി പത്മജ, ടി പി രാധാമണി, സി പുഷ്പ, എന്നിവർ സംസാരിച്ചു.ചീഫ് എജുക്കേഷൻ ഓഫീസർ പി പുരുഷോത്തമൻ സ്വാഗതവും എസ്.എസ്.എ എ,ഡി, പി,സി ഹരീന്ദ്രൻ നന്ദിയും നന്ദിയും പറഞ്ഞു. അദ്ധ്യാപകരുടെ സംഗീത വിരുന്നും അരങ്ങേറി.




മദർ തെരേസ അനുസ്മരണ സമ്മേളനത്തിൽ യു. കെ. കുമാരൻ സംസാരിക്കുന്നു

# മദർ തെരേസ ജീവ കാരുണ്യ പ്രവർത്തകർക്ക് മാർഗ ദർശി: യു. കെ കുമാരൻ

കോഴിക്കോട്: പുത്തൻ തലമുറയിലെ പൊതു പ്രവർത്തകർക്ക് മദർ തെരേസ എന്നും ഒരു മാർഗ ദർശിയാണെന്ന് ജാൻ അഭിയാൻ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന മദർ തെരേസ അനുസ്മരണ സമ്മേളം ഉൽഘടനം ചെയ്തുകൊണ്ട് യു. കെ. കുമാരൻ പറഞ്ഞു. ചടങ്ങിൽ ട്രസ്റ്റ് ചെയർമാൻ രാംദാസ് വെങ്ങേരി അധ്യക്ഷതാ വഹിച്ചു. റിട്ട. ജില്ലാ സെഷൻസ് ജഡ്ജി കൃഷ്ണൻ കുട്ടി പയിമ്പ്ര മുഖ്യഥിതിയായി. കൗൺസിലർ അൽഫോൻസാ മാത്യു ടീച്ചർ മുഖ്യ പ്രഭാഷണം നടത്തി. ടി. കെ. എ. അസീസ്, സജിനി പാവണ്ടൂർ, ബാലൻ കാട്ടുങ്ങൽ, ജയരാജൻ അനുഗ്രഹ, നൗഷാദ് കല്ലാച്ചി, മനോജ് കാരന്തൂർ, ശ്രീകല വിജയൻ എന്നിവർ സംസാരിച്ചു. ജീവകാരുണ്യ പ്രവർത്തകരായ ജരാജൻ അനുഗ്രഹ, നൗഷാദ് കല്ലാച്ചി, എന്നിവർക്ക് മദർ തെരേസ പുരസ്കാരം നൽകി ആദരിച്ചു.

# കൊച്ചിയിൽ ലഹരിമരുന്നു വേട്ട; എംഡിഎംഎയുമായി ആറുപേർ പിടിയിൽ

കൊച്ചി: കൊച്ചിയിൽ ലഹരിമരുന്നുമായി നാലു യുവാക്കൾ പൊലീസിന്റെ പിടിയിലായി. 58.42 ഗ്രാം എംഡിഎംഎയാണ് ഇവരിൽ നിന്നും പിടിച്ചെടുത്തത്.

മലപ്പുറം സ്വദേശി മെഹറൂബ്, കോഴിക്കോട് സ്വദേശി മുഹമ്മദ് റഷീദ് എന്നിവരെ പാലാരിവട്ടത്തു നിന്നാണ് പൊലീസ് പിടികൂടിയത്. കാറിലെത്തിച്ച എംഡിഎംഎ പാലാരിവട്ടത്ത് ഹോട്ടലിന് സമീപം വെച്ച് വിൽപ്പന നടത്താൻ ശ്രമിക്കുന്നതിനിടെയാണ് ഇവർ പിടിയിലാകുന്നത്. കൊച്ചി സ്വദേശികളായ സുൾഫിക്കർ, നോയൽ എന്നിവരാണ് കൊച്ചിയിലെ ശാന്തിപുരത്തു നിന്നും പിടിയിലായത്. വിൽപ്പനയ്ക്ക് ശ്രമിക്കുന്നതിനിടെയാണ് ഇവരും പിടിയിലാകുന്നത്. അങ്കമാലിയിൽ എംഡിഎംഎയുമായി രണ്ടു യുവാക്കളും പിടിയിലായിട്ടുണ്ട്. ജോൺ ജോയ്, ശ്യാം എന്നിവരാണ് അറസ്റ്റിലായത്. ഇവരിൽ നിന്നും 150 ഗ്രാം ലഹരിമരുന്ന് കണ്ടെടുത്തിട്ടുണ്ട്.

# കള്ളു ഷാപ്പ് ലേലം ഇനി ഓൺലൈൻ വഴി, ഉത്തരവിറങ്ങി; 13 വരെ അപേക്ഷിക്കാം

തിരുവനന്തപുരം: സംസ്ഥാനത്ത് കള്ളു ഷാപ്പ് ലേലം ഓൺലൈൻ വഴിയാക്കി ഉത്തരവിറങ്ങി. ഈ മാസം 13 വരെ അപേക്ഷിക്കാം.

കലക്ടറുടെ സാന്നിധ്യത്തിൽ നേരിട്ടായിരുന്നു ഇതുവരെ ലേലം നടന്നിരുന്നത്. 5170 ഷാപ്പുകളാണ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലേലം നടത്തുന്നത്. ഒരു ഗ്രൂപ്പിൽ അഞ്ചു മുതൽ ഏഴു വരെ ഷാപ്പുകൾ ഉണ്ടാകും. ഓരോന്നിന്റെയും വാടക നിശ്ചയിച്ചിട്ടുണ്ട്.

ഒന്നിലധികം പേർ ഒരു ഷാപ്പിനായോ, ഗ്രൂപ്പിനായോ അപേക്ഷിക്കുകയാണെങ്കിൽ നറുക്കെടുപ്പിലൂടെയാകും ഉടമയെ തീരുമാനിക്കുക. സംസ്ഥാനത്ത് ഇതാദ്യമായാണ് ഓൺലൈൻ വഴി കള്ളുഷാപ്പുകൾ ലേലം നടത്തുന്നത്. നേരത്തെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലേലം നടത്തുമ്പോൾ, ഷാപ്പുകൾ വാങ്ങാനെത്തുന്നവർ ഉദ്യോഗസ്ഥരുടെ സഹായത്തോടെ പങ്കിട്ടെടുക്കുന്നു തുടങ്ങിയ ആക്ഷേപങ്ങൾ ഉയർന്നിരുന്നു.

ഈ സാഹചര്യത്തിലാണ് പ്രത്യേക സോഫ്റ്റ് വെയർ തയ്യാറാക്കി ലേലം ഓൺലൈനാക്കിയത്.

# തോൽക്കുമെന്ന് ഉറപ്പായപ്പോൾ പുതിയ ക്യാപ്സൂൾ; ജെയ്കിന് മറുപടിയുമായി ചാണ്ടി ഉമ്മൻ

കോട്ടയം: പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിൽ തോൽക്കുമെന്ന് ഉറപ്പായതോടെ എൽഡിഎഫ് പുതിയ ആരോപണങ്ങളമായി രംഗത്തുവന്നിരിക്കുകയാണെന്ന് യുഡിഎഫ് സ്ഥാനാർഥി ചാണ്ടി ഉമ്മൻ.

ബിജെപിയുമായി വോട്ടുകച്ചവടം നടത്തിയെന്ന സിപിഎമ്മിന്റെ ആരോപണം വന്നതോടെ നാളത്തെ ക്യാപ്സൂൾ വ്യക്തമായെന്നും ചാണ്ടി ഉമ്മൻ മാധ്യമങ്ങളോട് പറഞ്ഞു. ഈ തെരഞ്ഞെടുപ്പ് കാലത്ത് എത്രയെത്ര ആരോപണങ്ങളാണ് സിപിഎം തനിക്കെതിരെ ഉന്നയിച്ചത്. വ്യക്തിപരമായ ആരോപണം ഉന്നയിക്കില്ലെന്നായിരുന്നു അവർ ആദ്യം മുതലേ പറഞ്ഞത്. എന്നിട്ട് അവസാനമെത്തിയപ്പോൾ അവർ നടത്തിയത് എന്തൊക്കെയാണ്. സ്വന്തം പിതാവിനെ കൊല്ലാൻ ശ്രമിച്ചു എന്നുവരെ അരോപിച്ചില്ലേ?. താൻ ബംഗളൂരുവിൽ ഇല്ലാത്ത സമയത്ത് മൂന്ന് നേതാക്കന്മാർ ആശുപത്രിയിൽ എത്തിയിരുന്നു. അത് വക്രീകരിച്ച് അവർക്ക് അവസരം നിഷേധിച്ചത് താനാണ് എന്നൊക്കെ വാർത്ത കൊടുത്താൽ തങ്ങളൊക്കെ പേടിച്ചുപോകുമെന്ന് കരുതിയോ?. യാഥാർഥ്യങ്ങൾ യാഥാർഥ്യങ്ങളായി തന്നെ നിൽക്കും. തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുകയും വ്യക്തിപരമായ ആക്ഷേപം നടത്തുകയും ചെയ്തിട്ടും ജയിക്കില്ലെന്ന് ഉറപ്പായതോടെ എൽഡിഎഫ് പുതിയ ആക്ഷേപവുമായി രംഗത്തെത്തിയിരിക്കുകയാണെന്ന് ചാണ്ടി ഉമ്മൻ പറഞ്ഞു. പുതുപ്പള്ളി ഉപതെരഞ്ഞടുപ്പിൽ യുഡിഎഫ്-ബിജെപി കൂട്ടുകെട്ട് ആരോപിച്ച് എൽഡിഎഫ് സ്ഥാനാർഥി ജെയ്ക് സി തോമസ് രംഗത്തുവന്നതിന് പിന്നാലെയാണ് ചാണ്ടി ഉമ്മന്റെ പ്രതികരണം.പുതുപ്പള്ളിയിൽ കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ തന്നെ ബിജെപി - യുഡിഎഫ് കൂട്ടുകെട്ട് വ്യക്തമാണെന്ന് എൽഡിഎഫ് സ്ഥാനാർഥി ജെയ്ക് സി തോമസ് പറഞ്ഞു. ഇരുകൂട്ടരും തമ്മിലുള്ള കൂട്ടുകെട്ടിന്റെ ചരിത്രം പുതുപ്പള്ളിയിലെ മുൻകാല കണക്കുകളിൽ വ്യക്തമാണ്. ബിജെപി വോട്ട് എങ്ങോട്ടുപോയി എന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണെന്നും ജെയ്ക് പറഞ്ഞു.പുതപ്പള്ളി മണ്ഡലത്തിൽ ഇരുപതിനായിരം വോട്ടുവരെ ബിജെപിക്ക് ഉണ്ടായിരുന്നു. കഴിഞ്ഞ തവണ ലഭിച്ച വോട്ട് ബിജെപിക്ക് ലഭിക്കുമോ എന്ന കാര്യത്തിൽ അവരുടെ പ്രവർത്തകർക്കിടയിൽ തന്നെ അഭിപ്രായ വ്യത്യസമുണ്ട്. പരമാവധി ഏഴായിരം വോട്ടുകളാണ് ബിജെപി പ്രതീക്ഷിക്കുന്നത്. 2021ൽ ലഭിച്ച പതിനൊന്നായിരം വോട്ട് പോലും നേടാൻ കഴിയാത്ത സ്ഥിതിയാണ്. അത് എങ്ങോട്ടേക്ക് കൊടുത്തു, ഏത് രാഷ്ട്രീയത്തിന്റെ ഭാഗമായി അത്തരം ഒരു കുറവ് സംഭവിച്ചു എന്നുള്ളത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. വോട്ടർമാരുടെയും പുതുപ്പള്ളിക്കാരുടെയും പ്രതികരണം സൂചിപ്പിക്കുന്നത് ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകാനാണെന്നും ജെയ്ക് പറഞ്ഞു.

നാളെ രാവിലെ പത്തുമണിയോടെ പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിന്റെ ഫലം അറിയാനാകും. കോട്ടയം ബസേലിയസ് കോളജിൽ നാളെ രാവിലെ എട്ടു മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. 20 മേശകളിലായാണ് വോട്ടെണ്ണൽ ക്രമികരിച്ചിരിക്കുന്നത്.14 മേശകളിൽ വോട്ടിങ് യന്ത്രവും 5 മേശകളിൽ തപാൽ വോട്ടുകളും ഒരു മേശയിൽ സർവീസ് വോട്ടർമാർക്കുള്ള ഇടിപിബിഎസ് (ഇലക്ട്രോണിക്കലി ട്രാൻസ്മിറ്റഡ് പോസ്റ്റൽ ബാലറ്റ് സിസ്റ്റം) വോട്ടും എണ്ണും. തപാൽ വോട്ടുകളും സർവീസ് വോട്ടുകളുമാണ് ആദ്യം എണ്ണുക.

ഇടിപിബിഎസ് വോട്ടുകളിലെ ക്യുആർ കോഡ് സ്കാൻ ചെയ്ത് കൗണ്ടിങ് ഉദ്യോഗസ്ഥർക്ക് നൽകിയ ശേഷമായിരിക്കും വോട്ടെണ്ണൽ. തുടർന്ന് 14 മേശകളിൽ വോട്ടിങ് യന്ത്രത്തിലെ വോട്ടുകൾ എണ്ണിത്തുടങ്ങും. 13 റൗണ്ടുകളിൽ വോട്ടെണ്ണൽ നടക്കും.പുതുപ്പള്ളി ഉപതിരഞ്ഞെടുപ്പിൽ 72.86% പേർ വോട്ട് ചെയ്തെന്ന് ഔദ്യോഗിക കണക്ക്. തപാൽ വോട്ടുകൾ കൂടാതെയുള്ള കണക്കാണിത്. ഉപതെരഞ്ഞെടുപ്പിൽ 1,28,535 പേരാണ് വോട്ട് ചെയ്തത്. ഏഴു സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. യുഡിഎഫിന്റെ ചാണ്ടി ഉമ്മൻ, എൽഡിഎഫിന്റെ ജെയ്ക് സി തോമസ്, ബിജെപിയുടെ ലിജിൻ ലാൽ എന്നിവർ തമ്മിലാണ് പ്രധാന മത്സരം.പോളിങ്ങിലെ കുറവ് ഇരുമുന്നണികൾക്കും വിജയ പ്രതീക്ഷ നൽകുന്നു.

# 15കാരിയെ കൂട്ടബലാത്സംഗം ചെയ്തത് മൂന്നംഗസംഘം; അറസ്റ്റ് ഭയന്ന് പ്രതികളിലൊരാൾ തൂങ്ങിമരിച്ചു

ലഖ്നൗ: ഉത്തർപ്രദേശിലെ ആഗ്രയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്തു. അച്ഛന്റെ കടയിൽ നിന്ന് വീട്ടിലേക്ക് മടങ്ങിയ 15-കാരിയെയാണ് മൂന്നംഗസംഘം കൂട്ടബലാത്സംഗത്തിനിരയാക്കിയത്.

സംഭവത്തിൽ പോലീസ് കേസെടുത്തതിന് പിന്നാലെ പ്രതികളിലൊരാളെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കേസിൽ ഒരു പ്രതിയെ അറസ്റ്റ് ചെയ്തതായും ഒളിവിലുള്ള മറ്റൊരാൾക്കായി തിരച്ചിൽ തുടരുകയാണെന്നും പോലീസ് അറിയിച്ചു.തിങ്കളാഴ്ചയാണ് 15-കാരിയെ മൂന്നംഗസംഘം തട്ടിക്കൊണ്ടുപോയി ബലാത്സംഗംചെയ്തത്.

അച്ഛന്റെ കടയിൽനിന്ന് വീട്ടിലേക്ക് മടങ്ങുകയായിരുന്ന പെൺകുട്ടിയെ ബൈക്കിലെത്തിയ ഒരാൾ തടഞ്ഞുനിർത്തുകയും സമീപത്തെ ഓട്ടോറിക്ഷയിലേക്ക് ബലംപ്രയോഗിച്ച് കയറ്റുകയുമായിരുന്നു. തുടർന്ന് മൂന്നംഗസംഘം പെൺകുട്ടിയെ ബലാത്സംഗത്തിനിരയാക്കിയശേഷം വഴിയിൽ ഉപേക്ഷിച്ചു.

ചൊവ്വാഴ്ച റോഡരികിൽ അവശനിലയിൽ കണ്ടെത്തിയ പ്രദേശവാസിയാണ് വിവരം പോലീസിനെ അറിയിച്ചത്. പ്രാഥമിക അന്വേഷത്തിൽ തന്നെ സംഭവത്തിലെ പ്രതികളെ പോലീസ് തിരിച്ചറിഞ്ഞിരുന്നു. ഷംഷാബാദ് സ്വദേശികളായ ഓട്ടോഡ്രൈവർ രൂപേഷ്, കരുണ, ജഗദീഷ് എന്നിവർക്കെതിരേയാണ് പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്.

തുടർന്ന് ഇവർക്കായി തിരച്ചിൽ ആരംഭിച്ചതിന് പിന്നാലെയാണ് പ്രതികളിലൊരാളായ ജഗദീഷിനെ വീടിന് സമീപത്തെ മരത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.കേസിൽ പ്രതിയാണെന്ന വിവരമറിഞ്ഞതോടെ അറസ്റ്റ് ഭയന്നാണ് ജഗദീഷ് ജീവനൊടുക്കിയതെന്നാണ് പോലീസിന്റെ പ്രതികരണം.

കേസിൽ ഒന്നാംപ്രതിയായ രൂപേഷിനെ അറസ്റ്റ് ചെയ്തു. മൂന്നാംപ്രതിയായ കരുണ ഒളിവിലാണെന്നും ഇയാൾക്കായി ആറുസംഘങ്ങളായി തിരിഞ്ഞ് പോലീസിന്റെ തിരച്ചിൽ തുടരുകയാണെന്നും ഡെപ്യൂട്ടി കമ്മീഷണർ സോമേന്ദ്ര മീണ മാധ്യമങ്ങളോട് പറഞ്ഞു. പ്രതികളെല്ലാം 18 വയസ്സിനും 20 വയസ്സിനും ഇടയിൽ പ്രായമുള്ളവരാണ്.

പെൺകുട്ടിയുടെ വൈദ്യപരിശോധന പൂർത്തിയാക്കിയതായും ജഗദീഷിന്റെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റിയതായും പോലീസ് അറിയിച്ചു.

# യു.പിയിൽ ആക്ടിവിസ്റ്റുകളെ ലക്ഷ്യമിട്ട് എൻ.ഐ.എ റെയ്ഡ്

ലഖ്നൗ : ഉത്തർപ്രദേശിൽ ആക്ടിവിസ്റ്റുകളേയും വിദ്യാർഥി നേതാക്കളേയും ലക്ഷ്യമിട്ട് ദേശീയ അന്വേഷണ ഏജൻസി (എൻ.ഐ.എ) യുടെ വ്യാപക റെയ്ഡ്. പൗരാവകാശ സംഘടനയായ പി.യു.സി.എൽ ദേശീയ സെക്രട്ടറി സീമ ആസാദിന്റെയും ഭർത്താവ് അഡ്വ. വിശ്വ വിജയിയുടെയും വസതിയിലും ഓഫിസിലും ഉൾപ്പെടെയാണ് റെയ്ഡ് നടന്നത്. നിരോധിത മാവോയിസ്റ്റ് സംഘടനയായ കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിലാണ് റെയ്ഡെന്നാണ് ഔദ്യോഗിക വൃത്തങ്ങൾ പറയുന്നത്.

ഭഗത് സിങ് സ്റ്റുഡന്റ്സ് മോർച്ചയുടെ ഓഫിസ്, ബനാറസ് ഹിന്ദു യൂനിവേഴ്സിറ്റിയിലെ സ്വതന്ത്ര വിദ്യാർഥി സംഘടനയുടെ ഓഫിസ് എന്നിവിടങ്ങളിലും പി.യു.സി.എൽ നേതാക്കളായ സോണി ആസാദ്, ഭർത്താവ് റിതേഷ് വിദ്യാർഥി, അഭിഭാഷക കൃപ ശങ്കർ, ആക്ടിവിസ്റ്റ് രാജേഷ് ചൗഹാൻ, പൊതുപ്രവർത്തകൻ മനീഷ് ആസാദ് എന്നിവരുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലും റെയ്ഡുകൾ നടന്നു. പ്രയാഗ്‌രാജ് (അലഹാബാദ്), വരാണസി, ചന്ദൗലി, അഅ്സംഗഡ് എന്നിവിടങ്ങളിലെ എട്ടു സ്ഥലങ്ങളിലാണ് റെയ്ഡ് നടന്നത്.

റെയ്ഡിന് ശേഷം തങ്ങളുട മൊബൈൽ ഫോൺ, സിം കാർഡുകൾ, ലാപ്ടോപ്, പുസ്തകങ്ങൾ ഉൾപ്പെടെ എൻ.ഐ.എ ഉദ്യോഗസ്ഥർ കൊണ്ടുപോയതായി ആക്ടിവിസ്റ്റുകളും വിദ്യാർഥി നേതാക്കളും ആരോപിച്ചു. എൻ.ഐ.എ റെയ്ഡിനെ പി.യു.സി.എൽ അധ്യക്ഷ കവിത കൃഷ്ണൻ അപലപിച്ചു. ഏകാധിപത്യനടപടിയുടെ ഭാഗമാണിതെന്ന് അവർ ആരോപിച്ചു.

നേതാക്കളോടും ആക്ടിവിസ്റ്റുകളോടും എൻ.ഐ.എയുടെ ലഖ്നൗ ഓഫിസിൽ ഹാജരാകാൻ ആവശ്യപ്പെട്ടതായി പി.യു.സി.എൽ അഭിഭാഷകൻ കെ.കെ റോയ് അറിയിച്ചു.

# സനാതന പരാമർശം: മാപ്പുപറയില്ല; ആവർത്തിച്ച് ഉദയനിധി

ചെന്നൈ : സനാതന ധർമത്തിനെതിരായ വിമർശനത്തിൽ ഉറച്ചുനിന്ന് ഡി.എം.കെ നേതാവും തമിഴ്നാട് മന്ത്രിയുമായ ഉദയനിധി സ്റ്റാലിൻ. തന്റെ പ്രസ്താവന ഹിന്ദു സമുദായത്തിനോ മതവിശ്വാസത്തിനോ എതിരല്ല.

സനാതന ധർമത്തിലെ ജാതിവിവേചനം പോലുള്ള സമ്പ്രദായങ്ങൾക്കെതിരാണ് തന്റെ വിമർശനമെന്ന് പറഞ്ഞ ഉദയനിധി, പുതിയ പാർലമെന്റിന്റെ ഉദ്ഘാടനചടങ്ങിലേക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവിനെ ക്ഷണിക്കാതെ മാറ്റിനിർത്തിയത് ഇതിനുള്ള മികച്ച ഉദാഹരണമാണെന്നും ചൂണ്ടിക്കാട്ടി. പരാമർശങ്ങളുടെ പേരിൽ ഏത് നിയമനടപടിയും നേരിടാൻ തയാറാണെന്നും എന്നാൽ നിലപാട് മാറ്റില്ലെന്നും ഉദയനിധി സ്റ്റാലിൻ ഇന്നലെയും ആവർത്തിച്ചു.

തുടർന്ന്, സനാതന ധർമത്തിന്റെ പരിധിയിൽപ്പെട്ട വിവേചനത്തിന്റെ ഉദാഹരണം ചൂണ്ടിക്കാണിക്കാമോ എന്ന മാധ്യമപ്രവർത്തകന്റെ ചോദ്യത്തിന് മറുപടിയായാണ് ഉദയനിധി രാഷ്ട്രപതിയെ ക്ഷണിക്കാതിരുന്ന കാര്യം പരാമർശിച്ചത്. മഹാഭാരതത്തിലെ ദ്രോണാചാര്യരുടെ കഥയും അദ്ദേഹം ഏകലവ്യനോട് പ്രതികാരം തീർത്ത ചരിത്രവും ഉദയനിധി പരാമർശിച്ചു. മഹാഭാരത പ്രകാരം, താഴ്ന്ന ജാതിക്കാരനായതിനാൽ ദ്രോണാചാര്യൻ ഏകലവ്യന് അമ്പെയ്ത്ത് പഠിപ്പിക്കാൻ വിസമ്മതിച്ചു.

എന്നാൽ ഏകലവ്യൻ ദ്രോണാചാര്യരെ ഗുരുവായി സങ്കൽപ്പിച്ച് സ്വന്തമായി അമ്പെയ്ത്ത് അഭ്യസിച്ചു. ദ്രോണാചാര്യരുടെ പ്രഗൽഭ ശിഷ്യനായ അർജുനനേക്കാൾ മികച്ച അമ്പെയ്ത്ത് വിദഗ്ധനായി ഏകലവ്യൻ മാറി. ഇതറിഞ്ഞ് പ്രകോപിതനായ ദ്രോണാചാര്യൻ ഗുരുദക്ഷിണയായി ഏകലവ്യന്റെ പെരുവിരലാണ് ആവശ്യപ്പെട്ടത്. ഗുരുവിനെ അനുസരിച്ചതോടെ ഏകലവ്യന്റെ അമ്പെയ്ത്ത് ശേഷിയില്ലാതായെന്നുള്ള കഥയും ഉദയനിധി വിശദീകരിച്ചു.

ഉദയനിധിയുടെ പ്രസ്താവന സംഘ്പരിവാർ വിവാദമാക്കുകയും യു.പി പൊലിസ് കേസ് രജിസ്റ്റർചെയ്യുകയും ചെയ്തതോടെയാണ് തന്റെ നിലപാട് അദ്ദേഹം ആവർത്തിച്ചത്.

# കുട്ടികളെ പ്രീസ്കൂളിൽ പോകാൻ നിർബന്ധിക്കുന്നത് നിയമവിരുദ്ധം: ഹൈക്കോടതി

അഹമ്മദാബാദ് : മൂന്ന് വയസിനു താഴെയുള്ള കുട്ടികളെ പ്രീസ്കൂളിൽ പോകാൻ നിർബന്ധിക്കുന്നത് നിയമവിരുദ്ധമാണെന്ന് ഗുജറാത്ത് ഹൈക്കോടതി.

2023-24 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായപരിധി ആറുവയസായി നിശ്ചയിച്ച് ഗുജറാത്ത് സർക്കാർ ഇറക്കിയ വിജ്ഞാപനത്തിനെതിരായ ഒരു കൂട്ടം ഹരജികൾ തള്ളിയാണ് ഹൈക്കോടതിയുടെ നടപടി. ചീഫ് ജസ്റ്റിസ് സുനിത അഗർവാളും ജസ്റ്റിസ് എൻ.വി അഞ്ചാരിയയും അടങ്ങിയ ഡിവിഷൻ ബെഞ്ചിന്റേതാണ് നടപടി.

ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള പ്രായപരിധി സംബന്ധിച്ച വിജ്ഞാപനം ചോദ്യംചെയ്ത് ഏതാനും രക്ഷിതാക്കളാണ് കോടതിയെ സമീപിച്ചത്. തൊട്ടുമുമ്പുള്ള അധ്യയന വർഷത്തിൽ ആറു വയസ് തികയാത്ത കുട്ടികൾ പ്രീപ്രൈമറി സ്കൂളുകളിൽ പ്രവേശനം നേടിയിട്ടുണ്ടെന്നും കെ.ജി ക്ലാസുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അതിനാൽ ഈ അധ്യയന വർഷത്തിൽ ഒന്നാം ക്ലാസിൽ പ്രവേശനത്തിന് അർഹതയുണ്ടെന്നുമായിരുന്നു രക്ഷിതാക്കളുടെ വാദം.

എന്നാൽ, വാദം തള്ളിയ ഹൈക്കോടതി, ചെറിയ പ്രായത്തിലേ കുട്ടികളെ പ്രീസ്കൂളിൽ പോകാൻ നിർബന്ധിക്കുന്നത് ഹരജിക്കാരുടെ ഭാഗത്തുനിന്നുണ്ടായ നിയമവിരുദ്ധമായ പ്രവൃത്തിയാണെന്ന് ചൂണ്ടിക്കാട്ടി.

2012 ഫെബ്രുവരി 18ന് സംസ്ഥാന സർക്കാർ നടപ്പാക്കിയ വിദ്യാഭ്യാസചട്ടം 2012 പ്രകാരം മൂന്നുവയസ് തികയാത്ത കുട്ടികളെ പ്രീസ്കൂളിൽ പ്രവേശിപ്പിക്കാൻ പാടില്ലെന്നാണ്. എന്നാൽ, ഹരജിക്കാരായ മാതാപിതാക്കൾ കുട്ടികൾക്ക് മൂന്ന് തികയുന്നതിന് മുമ്പ് തന്നെ പ്രീ സ്കൂളിൽ ചേർത്തത് തെറ്റാണെന്നും കോടതി ചൂണ്ടിക്കാട്ടി.

# 'വിദ്വേഷം തുടച്ചുനീക്കുന്നതുവരെ യാത്ര തുടരും'; ഭാരത് ജോഡോയുടെ ഒന്നാംവാർഷികത്തിൽ രാഹുൽ



ന്യൂഡൽഹി: ഇന്ത്യയിൽനിന്ന് വിദ്വേഷം തുടച്ചുനീക്കുകയും എല്ലാവരും ഒറ്റക്കെട്ടായി മാറുകയും ചെയ്യുന്നതുവരെ ഭാരത് ജോഡോ യാത്ര തുടരുമെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. ഭാരത് ജോഡോ യാത്രയുടെ ഒന്നാം വാർഷികത്തിലാണ് രാഹുൽ ഇക്കാര്യം വ്യക്തമാക്കിയത്. കഴിഞ്ഞ വർഷം ഈ ദിവസം കന്യാകുമാരിയിൽനിന്ന് ആരംഭിച്ച പദയാത്ര, 4000 കിലോമീറ്ററിലധികം കടന്ന് കശ്മീരിലാണ് അവസാനിച്ചത്. യാത്രയിൽനിന്നുള്ള ദൃശ്യങ്ങൾ ഉൾപ്പെടുന്ന വിഡിയോയും രാഹുൽ പങ്കുവച്ചു.'ഐക്യവും സ്നേഹവും ലക്ഷ്യമിട്ടുള്ള ഭാരത് ജോഡോ യാത്രയുടെ കോടിക്കണക്കിനു ചുവടുകൾ, രാജ്യത്തിന്റെ നല്ലൊരു നാളെയ്ക്കുള്ള അടിത്തറയായി മാറി'യെന്ന് രാഹുൽ എക്സിൽ (ട്വിറ്റർ) കുറിച്ചു. 'വിദ്വേഷം തുടച്ചുനീക്കപ്പെടുകയും എല്ലാവരും ഒറ്റക്കെട്ടാകുകയുംചെയ്യുന്നതുവരെ ഈ യാത്ര തുടരും. ഇത് എന്റെ വാക്കാണ്'- അദ്ദേഹം കൂട്ടിച്ചേർത്തു. 12 സംസ്ഥാനങ്ങളും രണ്ടു കേന്ദ്ര ഭരണ പ്രദേശങ്ങളും താണ്ടിയ ഭാരത് ജോഡോ യാത്രയുടെ ഒന്നാം വാർഷികം ആഘോഷിക്കാൻ രാജ്യത്താകാമാനം കാൽനട ജാഥകൾ സംഘടിപ്പിക്കുമെന്ന് നേരത്തെ കോൺഗ്രസ് അറിയിച്ചിരുന്നു. യാത്രയുടെ രണ്ടാംഘട്ടം ഗുജറാത്തിൽ നിന്ന് മേഘാലയയിലേക്ക് നടത്താനാണ് കോൺഗ്രസിന്റെ തീരുമാനം. അതേസമയം, രണ്ടാം ഘട്ട യാത്ര തുടങ്ങുന്ന തീയതി തീരുമാനിച്ചിട്ടില്ല.

# മാലദ്വീപ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് ശനിയാഴ്ച

മാലദ്വീപിൽ പ്രസിഡന്റ് തെരഞ്ഞെടുപ്പ് ശനിയാഴ്ച നടക്കും. ഇന്ത്യയോട് അടുത്തു കിടക്കുന്ന ദ്വീപ് സമൂഹമായ മാലദ്വീപിലെ തെരഞ്ഞെടുപ്പ് ഇന്ത്യ ഉറ്റുനോക്കുന്നുണ്ട്. ഇന്ത്യൻ മഹാസമുദ്രത്തിലെ ചെറു ദ്വീപിൽ 5.21 ലക്ഷം പേരാണുള്ളത്. മാലദ്വീപിലെ ഭരണമാറ്റം ഇന്ത്യയ്ക്കും പ്രധാനമാണ്. ഇന്ത്യ ആദ്യം എന്ന നയമാണ് പ്രസിഡന്റ് ഇബ്രാഹീം മുഹമ്മദ് സൊലിഹ് പുലർത്തുന്നത്. മാലദ്വീപിന് ചൈനയുമായും ബന്ധമുണ്ട്. ഇന്ത്യൻ മഹാസമുദ്രത്തിൽ ബന്ധമുണ്ടാക്കാൻ ചൈനയും ശ്രമിക്കുന്നുണ്ട്. ശ്രീലങ്കയിലെ തുറമുഖങ്ങളുടെ നടത്തിപ്പ് ഉൾപ്പെടെ ചൈന ഏറ്റെടുത്തത് ഇന്ത്യക്ക് സുരക്ഷാ ഭീഷണി സൃഷ്ടിച്ചിരുന്നു. ഈ സാഹചര്യത്തിൽ മാലദ്വീപിൽ ഇന്ത്യക്ക് അനുകൂലമായ സർക്കാർ വരുമോയെന്നാണ് ഇന്ത്യ ഉറ്റുനോക്കുന്നത്.തെരഞ്ഞെടുപ്പിൽ ഇന്ത്യയോട് അടുത്ത ബന്ധം പുലർത്തുന്ന ഇബ്രിഹിം മുഹമ്മദ് മുന്നിട്ടു നിൽക്കുമെന്നാണ് പ്രവചനം.മുഹമ്മദ് മുഇസ്സുവാണ് അദ്ദേഹത്തിന്റെ എതിരാളിയായി മത്സരിക്കുന്നത്. ഇദ്ദേഹം ചൈന അനുകൂല നയം പുലർത്തുന്നയാളാണ്. ഇന്ത്യയുമായുള്ള ബന്ധം നിർത്തണമെന്നാണ് ഇദ്ദേഹത്തിന്റെ നയം. മാലദ്വീപ് മിക്ക ആവശ്യങ്ങൾക്കും ഇപ്പോൾ ഇന്ത്യയെയാണ് ആശ്രയിക്കുന്നത്. മാലദ്വീപിൽ ഇന്ത്യൻ സൈന്യത്തിന്റെ വ്യോമനിരീക്ഷണമുണ്ടെന്നും 75 അംഗ സേന ഇതിനായി പ്രവർത്തിക്കുന്നുവെന്നുമാണ് മുഇസ്സു പറയുന്നത്. മാലദ്വീപ് നേരിടുന്ന പ്രതിസന്ധി വിദേശ കടമാണ്. ഇതാണ് പ്രാദേശിക തലത്തിൽ തെരഞ്ഞെടുപ്പ് വിഷയമാകുന്നത്. മുഇസ്സു 2021ൽ പുരോഗമന സഖ്യത്തെ പ്രതിനിധീകരിച്ച് മത്സരരംഗത്തുണ്ടായിരുന്നു.

# ഭിന്നശേഷിക്കാരനായ വിദ്യാർഥിയെ ജെ.എൻ.യു ഹോസ്റ്റലിൽനിന്ന് പുറത്താക്കി

ന്യൂഡൽഹി: ജെ.എൻ.യുവിൽ ഭിന്നശേഷിക്കാരനായ വിദ്യാർഥിയെ ഹോസ്റ്റലിൽനിന്ന് പുറത്താക്കി. ഗവേഷക വിദ്യാർഥിയായ ബിഹാർ സ്വദേശി ഫാറൂഖ് ആലത്തെയാണ് പുറത്താക്കിയത്.


ആലത്തെ ഹോസ്റ്റർ വാർഡനും എ.ബി.വി.പി പ്രവർത്തകരും ചേർന്ന് ക്രൂരമായി മർദിച്ചെന്നും വിദ്യാർഥികൾ പറഞ്ഞു. നാല് വർഷം മുമ്പ് ഫീസ് വർധനക്കെതിരെ പ്രതിഷേധിച്ചതിനാണ് സർവകലാശാല ആലത്തെ പുറത്താക്കിയത്.

ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ കാവേരി ഹോസ്റ്റലിലാണ് സംഭവം. നാല് വർഷം മുമ്പ് നടന്ന പ്രതിഷേധത്തിൽ പങ്കെടുത്തതിനെ കുറിച്ച് ആലത്തോട് വിശദീകരണം ചോദിച്ചിരുന്നു.

ഇതിന് മറുപടി നൽകിയെങ്കിലും തൃപ്തികരമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഹോസ്റ്റലിൽനിന്ന് പുറത്താക്കിയത്.



ആലം ഹോസ്റ്റലിന് പുറത്ത്




## സെൽഫിയെടുത്ത് ആദിത്യ; ഭൂമിയുടെയും ചന്ദ്രന്റെയും ചിത്രവും പകർത്തി

ന്യൂഡൽഹി: ഭൂമിയുടെയും ചന്ദ്രന്റെയും ചിത്രങ്ങൾ പകർത്തി ഇന്ത്യയുടെ സൗരദൗത്യ വാഹനമായ ആദിത്യ എൽ1. സാങ്കൽപ്പിക ഭ്രമണപഥത്തിലേക്കുള്ള യാത്രയ്ക്കിടെ സ്വന്തം ചിത്രവും പകർത്തി ആദിത്യ ഭൂമിയിലേക്കയച്ചു.

ദൃശ്യങ്ങൾ ഐഎസ്ആർഒ സമൂഹമാധ്യമങ്ങൾ വഴി പങ്കുവച്ചു. രണ്ടു ഭ്രമണപഥ ഉയർത്തലുകൾ വിജയകരമായി പൂർത്തീകരിച്ച് അടുത്ത ഉയർത്തലിനായി ഒരുങ്ങുകയാണ് ആദിത്യ. ആകെ അഞ്ചു തവണ ഭ്രമണപഥം ഉയർത്തിയ ശേഷമാണ് സൂര്യനോട് ഏറ്റവും അടുത്തുള്ള ഒന്നാം ലഗ്രാഞ്ച് പോയിന്റിന് (എൽ1) ചുറ്റുമുള്ള സാങ്കൽപ്പിക ഭ്രമണപഥത്തിലേക്ക് പേടകമെത്തുക.

സെപ്തംബർ രണ്ടിന് രാവിലെ 11.50ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിന്റെ രണ്ടാം വിക്ഷേപണത്തറയിൽ നിന്നാണ് ആദിത്യ എൽ1 വിക്ഷേപിച്ചത്. 125 ദിവസത്തെ യാത്രയ്ക്ക് ശേഷമാകും ആദിത്യ ലക്ഷ്യമായ ലഗ്രാഞ്ച് പോയിന്റിലെത്തുക.

ഭ്രമണപഥത്തിലെത്തിയ ശേഷം അഞ്ചു വർഷത്തോളം സൂര്യന്റെ ബാഹ്യാന്തരീക്ഷത്തെ കുറിച്ച് ആദിത്യ പഠനം നടത്തും. ബംഗളൂരു, പോർട്ബ്ലയർ, മൗറീഷ്യസ് എന്നിവിടങ്ങളിലെ ഇസ്ട്രാക്/ഐഎസ്ആർഒ ഗ്രൗണ്ട് സ്റ്റേഷനുകളാണ് സാറ്റലൈറ്റിനെ നിയന്ത്രിക്കുന്നത്.

# ലഡാക്ക് ഓട്ടോണമസ് ഹിൽ ഡെവലപ്മെന്റ് കൗൺസിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം റദ്ദാക്കി

ഡൽഹി : സെപ്റ്റംബർ 10ന് നടത്താൻ നിശ്ചയിച്ചിരുന്ന ലഡാക്ക് ഓട്ടോണമസ് ഹിൽ ഡെവലപ്മെന്റ് കൗൺസിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം സുപ്രിംകോടതി റദ്ദാക്കി.

ഏഴു ദിവസത്തിനകം പുതിയ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് ജസ്റ്റിസുമാരായ വിക്രംനാഥ്, അഹ്സനുദ്ദീൻ അമാനുല്ല എന്നിവരടങ്ങിയ ബെഞ്ച് ഉത്തരവിട്ടു. തെരഞ്ഞെടുപ്പിൽ ജമ്മു കശ്മിർ നാഷണൽ കോൺഫറൻസിന് കലപ്പ ചിഹ്നത്തിൽ മത്സരിക്കാമെന്നും കോടതി ഉത്തരവിട്ടു. ഹരജിക്കാരായ ലഡാക്ക് ഭരണകൂടത്തിന് ഒരു ലക്ഷം പിഴയും ചുമത്തി. നാഷണൽ കോൺഫറൻസിന് കലപ്പ ചിഹ്നം അനുവദിച്ച ഹൈക്കോടതി ഉത്തരവ് ചോദ്യം ചെയ്ത് ലഡാക്ക് ഭരണകൂടം സമർപ്പിച്ച ഹരജി തള്ളിയാണ് സുപ്രിംകോടതി ഉത്തരവ്.

ഓഗസ്റ്റ് അഞ്ചിനാണ് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചത്. അതോടൊപ്പം നാഷണൽ കോൺഫറൻസിന് അവരുടെ ചിഹ്നമായ കലപ്പ അനുവദിക്കുകയും ചെയ്തില്ല. ഇതിനെതിരേ നാഷണൽ കോൺഫറൻസ് ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല വിധി സമ്പാദിക്കുകയുമായിരുന്നു. നാഷണൽ കോൺഫറൻസ് ജമ്മു കശ്മിരിലെ പാർട്ടിയാണെന്നും കശ്മിരിൽ അനുവദിച്ച ചിഹ്നം ലഡാക്കിൽ അനുവദിക്കാൻ സാധ്യമല്ലെന്നും വാദിച്ചാണ് ലഡാക്ക് ഭരണകൂടം ഇതിനെതിരേ സുപ്രിംകോടതിയെ സമീപിച്ചത്. ലഡാക്കിന് പ്രത്യേക തെരഞ്ഞെടുപ്പ് നിയമമില്ലെന്ന് സുപ്രിംകോടതി പറഞ്ഞു. ഹൈക്കോടതി ഉത്തരവ് പാലിക്കേണ്ട ബാധ്യത ലഡാക്ക് ഭരണകൂടത്തിനുണ്ടായിരുന്നു. ലഡാക്ക് ഭരണകൂടം നീതി രഹിതമായ ഇടപെടലാണ് നടത്തിയത്.

സുപ്രിംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ലഡാക്ക് ഭരണകൂടത്തിനെതിരേ ഹൈക്കോടതിയിലുള്ള കോടതിയലക്ഷ്യക്കേസ് തീർപ്പാക്കാവുന്നതാണെന്നും ബെഞ്ച് വ്യക്തമാക്കി.

# സനാതന ധർമ്മത്തിനെതിരായ പരാമർശം; തക്കതായ മറുപടി നൽകണമെന്ന് മന്ത്രിമാരോട് പ്രധാനമന്ത്രി

ന്യൂഡൽഹി: സനാതനധർമ്മത്തിനെതിരായ ഡിഎംകെ നേതാവ് ഉദയനിധി സ്റ്റാലിന്റെ പരാമർശത്തിൽ തക്കതായ മറുപടി നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജി 20 ഉച്ചകോടിക്ക് മുന്നോടിയായി ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗത്തിലാണ് മന്ത്രിമാർക്ക് പ്രധാനമന്ത്രിയുടെ നിർദേശം.

ഭരണഘടന ഉറപ്പുനൽകുന്ന വിശ്വാസ സ്വാതന്ത്ര്യം ഉൾപ്പടെ നിരത്തിവേണം മറുപടി നൽകാനെന്നും, എന്നാൽ പഴയ കാര്യങ്ങൾ ഉന്നയിച്ച് ധ്രുവീകരണം പാടില്ലെന്നും മോദി പറഞ്ഞു. ഇത്തരം കാര്യങ്ങളെ എതിർക്കുകയല്ല വേണ്ടത് പകരം അതിനെ മുളയിലേ നുള്ളുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

ശനിയാഴ്ച ചെന്നൈയിലെ ഒരു പൊതുപരിപാടിയിൽ സംസാരിക്കുന്നതിനിടെയായിരുന്നു ഉദയനിധി സ്റ്റാലിന്റെ വിവാദ പരാമർശം. 'ചില കാര്യങ്ങൾ എതിർക്കാൻ കഴിയില്ല, അവ ഇല്ലാതാക്കാൻ മാത്രമേ കഴിയൂ.

ഡെങ്കി, കൊതുകുകൾ, മലേറിയ, കൊറോണ പോലുള്ളവയെ നമുക്ക് എതിർക്കാൻ കഴിയില്ല. അവയെ ഇല്ലാതാക്കണം. അതുപോലെ സനാതന ധർമത്തെയും നമുക്ക് തുടച്ചുനീക്കണം', എന്നായിരുന്നു ഉദയനിധി സ്റ്റാലിന്റെ പ്രസ്താവന. ഉദയനിധിയുടെ പ്രസ്താവനയ്ക്കെതിരേ രൂക്ഷവിമർശനമാണ് ബിജെപിയുടെ ഭാഗത്തുനിന്ന് ഉണ്ടായത്.

എന്നാൽ പ്രസ്താവനയിൽ ഉറച്ചുനിൽക്കുന്നതായും ഇതിന്റെ പേരിൽ എന്ത് നിയമനടപടിയും നേരിടാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു. സനാതന ധർമ്മത്തിന്റെ മോശം വശങ്ങൾ അനുഭവിക്കുന്ന അടിച്ചമർത്തപ്പെട്ടവർക്കും അരികുവത്കരിക്കപ്പെട്ടവർക്കും വേണ്ടിയാണ് താൻ സംസാരിച്ചതെന്നും തുടർന്നും ഇത് പറഞ്ഞുകൊണ്ടിരിക്കുമെന്നും ഉദയനിധി വ്യക്തമാക്കി.




ആന്ധ്രാപ്രദേശിലെ വിജയവാഡയിൽ പതിപ്പിച്ച പോസ്റ്റർ

# ഉദയനിധിയുടെ മുഖത്തടിച്ചാൽ 10 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ച് ഹിന്ദുസംഘടന

ചെന്നൈ: തമിഴ്നാട് മന്ത്രിയും ഡി.എം.കെ നേതാവുമായ ഉദയനിധി സ്റ്റാലിൻറെ മുഖത്തടിക്കുന്നവർക്ക് 10 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ച് ഹിന്ദു സംഘടനയായ ജന ജാഗരണ സമിതി. ഇതുമായി ബന്ധപ്പെട്ട് ആന്ധ്രാപ്രദേശിലെ വിജയവാഡയിൽ സംഘടന പോസ്റ്ററുകൾ പതിച്ചിട്ടുണ്ട്. സനാതന ധർമത്തെക്കുറിച്ചുള്ള ഉദയനിധിയുടെ പ്രസ്താവന വിവാദമായ സാഹചര്യത്തിലാണ് സംഘടന രംഗത്തെത്തിയത്.

അതിനിടെ ഉദയനിധിക്കെതിരെ പ്രകോപന ആഹ്വാനം നടത്തിയ അയോധ്യയിലെ സന്യാസി പരമഹംസ ആചാര്യക്കെതിരെ മധുര പൊലീസ് കഴിഞ്ഞ ദിവസം കേസെടുത്തിരുന്നു. ഉദയനിധിയുടെ തല വെട്ടുന്നവർക്ക് 10 കോടി പാരിതോഷികം നൽകുമെന്നായിരുന്നു പരമഹംസയുടെ പ്രഖ്യാപനം. പ്രതീകാത്മകമായി ഫോട്ടോയിലെ ഉദയനിധിയുടെ തല വാളുകൊണ്ട് മുറിക്കുന്ന വീഡിയോയും പങ്കുവെച്ചിരുന്നു. ശനിയാഴ്ച തമിഴ്നാട്ടിൽ നടന്ന തമിഴ്നാട് പ്രോഗ്രസീവ് റൈറ്റേഴ്സ് ആർടിസ്റ്റ് അസോസിയേഷൻ സമ്മേളനത്തിലാണ് സനാതന ധർമത്തെ ഡെങ്കിപ്പനി, മലേറിയ തുടങ്ങിയ രോഗങ്ങളുമായി സ്റ്റാലിൻ താരതമ്യം ചെയ്തത്. സനാതന ധർമ്മം സാമൂഹിക നീതിക്കും സമത്വത്തിനും എതിരാണെന്നും ഉദയനിധി പറഞ്ഞിരുന്നു.'ചില കാര്യങ്ങൾ എതിർക്കാൻ കഴിയില്ല, അത് ഇല്ലാതാക്കണം. ഡെങ്കി, കൊതുകുകൾ, മലേറിയ, കൊറോണ എന്നിവയെ നമുക്ക് എതിർക്കാൻ കഴിയില്ല. നമ്മൾ ഇത് ഉന്മൂലനം ചെയ്യണം. അങ്ങനെയാണ് സനാതനയെ ഉന്മൂലനം ചെയ്യേണ്ടത്,' എന്നാണ് അദ്ദേഹം പറഞ്ഞത്. ഉദയനിധിയുടെ പ്രസ്താവന വലിയ വിവാദങ്ങൾക്കാണ് വഴിതെളിച്ചത്. ബി.ജെ.പി അടക്കമുള്ളവർ ഇതിനെതിരെ രംഗത്തെത്തുകയും ചെയ്തു. വംശീയ ഉൻമൂലനത്തിനുള്ള ആഹ്വാനമാണ് ഉദയനിധി നടത്തിയതെന്നായിരുന്നു ബി.ജെ.പിയുടെ ആരോപണം. സുപ്രിംകോടതി അഭിഭാഷകൻ വിനീത് ജിൻഡാലിൻറെ പരാതിയിൽ ഡൽഹി പൊലീസ് ഉദയനിധിക്കെതിരെ കേസെടുത്തിരുന്നു. സമാന വിഷയത്തിൽ യുപി പൊലീസും കേസെടുത്തിട്ടുണ്ട്.

# ബൈഡൻ നാളെയെത്തും; മോദിയുമായി ചർച്ച, ഷിയും പുടിനുമില്ല, ജി 20യിൽ ആരൊക്കെ?

ചൈനീസ്, റഷ്യൻ പ്രസിഡന്റുമാരുടെ അസാന്നിധ്യത്താൽ, തുടങ്ങുന്നതിന് മുൻപേ തന്നെ ചർച്ചകളിൽ ഇടംപിടിച്ചിരിക്കുകയാണ് ഇന്ത്യ അധ്യക്ഷത വഹിക്കുന്ന ജി 20 ഉച്ചകോടി. ഡൽഹിയിൽ 9,10 തീയതികളിൽ നടക്കുന്ന ഉച്ചകോടിയിൽ ലോകരാഷ്ട്രങ്ങളിൽ നിന്നുള്ള ഏതെല്ലാം നേതാക്കൾ പങ്കെടുക്കും?

**യുഎസ് പ്രസിഡന്റ് ജോ ബൈഡൻ**

യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്. നാളെ ന്യൂഡൽഹിയിലെത്തുന്ന അദ്ദേഹം, ഐടിസി മൗര്യയിലായിരിക്കും താമസിക്കുക. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ബൈഡന്റെ ഭാര്യ ജിൽ ബൈഡന് കോവിഡ് 19 സ്ഥിരീകരിച്ചത് അദ്ദേഹത്തിന് ഉച്ചകോടിയിൽ പങ്കെടുക്കാൻ സാധിക്കുമോ എന്നതിൽ ആശങ്ക ഉയർത്തിയിരുന്നു. എന്നാൽ യുഎസ് പ്രസിഡന്റിന്റെ പരിശോധനാ ഫലം നെഗറ്റീവ് ആണ്.

**ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനക്**

ബ്രിട്ടീഷ് പ്രധാനമന്ത്രി സ്ഥാനത്തെത്തിയതിന് ശേഷം ഋഷിയുടെ ആദ്യത്തെ ഔദ്യോഗിക ഇന്ത്യാ സന്ദർശനമാണിത്. ഷാംഗ്രി ലാ ഹോട്ടലിലാണ് അദ്ദേഹം താമസിക്കുക.

ചൈനീസ് പ്രധാനമന്ത്രി ലി ഖിയാങ്

ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങിന് പകരം പ്രധാനമന്ത്രി ലി ഖിയാങ് നയിക്കുന്ന സംഘമാണ് ജി 20ക്ക് എത്തുന്നത്. ഇന്ത്യയുമായി നിലനിൽക്കുന്ന അതിർത്തി തർക്കങ്ങളുടെ പശ്ചാത്തലത്തിൽ ഷി ജിൻപിങ് ഇന്ത്യാ സന്ദർശനം ഒഴിവാക്കുകയായിരുന്നു. വീഡിയോ കോൺഫറൻസും അദ്ദേഹം ഒഴിവാക്കി. ജി 20 ഉച്ചകോടി ചരിത്രത്തിൽ ആദ്യമായാണ് ചൈനീസ് പ്രസിഡന്റ് എത്താതിരിക്കുന്നത്.




**ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ**

ഡൽഹിയിലെത്തുന്ന ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി അൽബനീസ്, കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ, ജർമൻ ചാൻസിലർ ഒലാഫ് ഷോൾസ്, ജപ്പാനീസ് പ്രധാനമന്ത്രി ഫുമിയോ കിഷിദ, സൗത്ത് കൊറിയൻ പ്രസിഡന്റ് യൂൻ സുക് യോൾ, സൗത്ത് ആഫ്രിക്കൻ പ്രസിഡന്റ് സിറിൽ റാമഫോസ, ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന (നിരീക്ഷകരായി പങ്കെടുക്കാനാണ് ഇന്ത്യ ബംഗ്ലാദേശിനെ ക്ഷണിച്ചിരിക്കുന്നത്), തുർക്കി പ്രസിഡന്റ് തയ്യിപ് എർദോഗൻ, അർജന്റീന പ്രസിഡന്റ് ആൽബെർട്ടോ ഫെർണാണ്ടസ്, നൈജീരിയൻ പ്രസിഡന്റ് ബോലാ തിൻബു എന്നിവർ ഉച്ചകോടിയിൽ പങ്കെടുക്കും. സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെങ്കിലും ഇതുവരെയും ഔദ്യോഗിക സ്ഥിരീകരണം ലഭിച്ചിട്ടില്ല.

**പുടിൻ വിട്ടുനിൽക്കും**

യുക്രൈൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ റഷ്യൻ പ്രസിഡന്റ് വ്ലാഡിമർ പുടിൻ ഉച്ചകോടി സന്ദർശനം ഒഴിവാക്കി. അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ അറസ്റ്റ് വാറണ്ട് നിലനിൽക്കുന്നതിനാലാണ് പ്രസിഡന്റ് യാത്ര ഒഴിവാക്കിയതെന്ന പ്രചാരണം റഷ്യ തള്ളിക്കളഞ്ഞിട്ടുണ്ട്. റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലവറോവ് ആണ് പകരം പ്രതിനിധിയായി എത്തുന്നത്. മെക്സിക്കൻ പ്രസിഡന്റ് ആൻഡ്രെസ് മാനുവൽ ലോപസ് ഒബ്രഡോറും ഉച്ചകോടിയിൽ പങ്കെടുക്കുന്നില്ല.





## ബൊപ്പണ്ണ - എബ്ഡെൻ സഖ്യവും ദ്യോകോവിച്ചും സെമിയിൽ

ന്യൂയോർക്ക് : യു.എസ്.ഓപ്പണിൽ ഇന്ത്യൻ താരം രോഹൻ ബൊപ്പണ്ണയും ആസ്‌ത്രേലിയയുടെ മാത്യു എബ്ഡെൻ സഖ്യം സെമി ഫൈനലിൽ പ്രവേശിച്ചു.

പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ അമേരിക്കയുടെ ലാമോൺസ് - വിത്രോ സഖ്യത്തെ പരാജയപ്പെടുത്തിയായിരുന്നു ഇരുവരും സെമിയിലെത്തിയത്. നേരിട്ടുള്ള സെറ്റുകൾക്കാണ് ബൊപ്പണ്ണ-എബ്ഡെൻ സഖ്യത്തിന്റെ ജയം. ആദ്യ സെറ്റ് ടൈബ്രേക്കറിലേക്ക് നീങ്ങിയെങ്കിലും രണ്ടാം സെറ്റ് ഇന്തോ-ആസ്‌ത്രേലിയൻ സഖ്യം അനായാസം സ്വന്തമാക്കി.

സ്‌കോർ : 76, 61. സെമിയിൽ ഫ്രഞ്ച് താരം നിക്കോളാസ് മാഹട്ട്പിയെറി-ഹ്യൂസ് ഹെർബാർട്ട് സഖ്യമാണ് ബൊപ്പണ്ണ-എബ്ഡെൻ സഖ്യത്തിന്റെ എതിരാളി. പുരുഷ സിംഗിൾസിൽ സെർബിയൻ താരം നൊവാക് ദ്യോകോവിച്ചും സെമിയിലേക്ക് മുന്നേറി. ക്വാർട്ടർ ഫൈനലിൽ ദ്യോക്കോവിച്ച് അമേരിക്കയുടെ ടെയ്‌ലർ ഫ്രിറ്റ്സിനെയാണ് പരാജയപ്പെടുത്തിയത്. നേരിട്ടുള്ള സെറ്റുകൾക്കാണ് സെർബിയൻ ഇതിഹാസത്തിന്റെ വിജയം.

സ്‌കോർ : 61, 64, 64. സെമിയിൽ അമേരിക്കയുടെ ബെൻ ഷെൽട്ടണാണ് ദ്യോകോയുടെ എതിരാളി.

# ഏഷ്യാ കപ്പ് ക്രിക്കറ്റ്: പാകിസ്താന് ഏഴ് വിക്കറ്റ് ജയം

ലാഹോർ : ഏഷ്യാ കപ്പ് ക്രിക്കറ്റിന്റെ സൂപ്പർ ഫോറിലെ ആദ്യ മത്സരത്തിൽ ബംഗ്ലാദേശിനെതിരേ പാകിസ്താന് ഏഴ് വിക്കറ്റ് ജയം.

ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശിനെ 38.4 ഓവറിൽ 193 റൺസെടുക്കാനേ പാക് ബൗളർമാർ അനുവദിച്ചുള്ളൂ. മറുപടി ബാറ്റിങ്ങിനിറങ്ങിയ പാകിസ്താൻ 39.3 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു.

അർധ സെഞ്ചുറികളുമായി തിളങ്ങിയ മുഹമ്മദ് റിസ്‌വാന്റെയും ഇമാമുൽ ഹഖിന്റെയും മികച്ച ബാറ്റിങ്ങാണ് പാകിസ്താന്റെ വിജയം എളുപ്പത്തിലാക്കിയത്. ഓപണർ ഫകർ സമാൻ 31 പന്തിൽ 20 റൺസുമായി മടങ്ങിയപ്പോൾ ഇമാമുൽ ഹഖ് 84 പന്തിൽ 78 റൺസ് സ്വന്തമാക്കി. ക്യാപ്റ്റൻ ബാബർ അസം 17 റൺസ് മാത്രമാണ് നേടിയത്.

79 പന്തിൽ 63 റൺസുമായി മുഹമ്മദ് റിസ്‌വാനും 21 പന്തിൽ 12 റൺസുമായി സലാം അലി അഗയും ഔട്ടാകാതെ നിന്നു.

നാലു വിക്കറ്റുമായി തിളങ്ങിയ ഹാരിസ് റഊഫാണ് ബംഗ്ലാദേശിന്റെ ബാറ്റിങ് പെട്ടെന്ന് അവസാനിപ്പിച്ചത്.



ജയം നേടിയ ശേഷം പാകിസ്താൻ താരങ്ങളെ അഭിനന്ദിക്കുന്ന ബംഗ്ലാദേശ് താരങ്ങൾ

നസീം ഷാ മൂന്ന് വിക്കറ്റ് നേടിയപ്പോൾ ഷഹീൻ അഫ്രീദി, ഫഹീം അഷറഫ്, ഇഫ്തികാർ അഹമ്മദ് എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി. ശ്രീലങ്കക്കെതിരേയാണ് സൂപ്പർ ഫോറിൽ ബംഗ്ലാദേശിന്റെ അടുത്ത മത്സരം. 10ന് നടക്കുന്ന മത്സരത്തിൽ ഇന്ത്യയാണ് പാകിസ്താന്റെ അടുത്ത എതിരാളികൾ.

## റാമോസ് സെവിയ്യയിലേക്ക് മടങ്ങുമ്പോൾ

2005ലെ സമ്മർ ട്രാൻസ്ഫർ ജാലകത്തിന്റെ അവസാന ദിവസം. റയൽ മാഡ്രിഡ് പ്രസിഡന്റ് ഫ്‌ളോറന്റിനോ പെരെസ് തന്റെ ഭരണകാലഘട്ടത്തിൽ ആദ്യമായി ഒരു സ്പാനിഷ് താരത്തെ ടീമിലെത്തിച്ചു. ആറു വയസ് മുതൽ സെവിയ്യയുടെ പ്രാന്ത പ്രദേശങ്ങളിൽ ഫുട്‌ബോൾ കളിച്ചു നടന്നൊരു പയ്യൻ, പത്താം വയസിൽ സെവിയ്യയുടെ യൂത്ത് അക്കാദമിയിലൂടെ പതിനേഴാം വയസിൽ സെവിയ്യയുടെ സീനിയർ ടീമിൽ. പത്തൊമ്പതാം വയസിൽ ഒരു സ്പാനിഷ് ഡിഫൻഡർക്ക് അക്കാലത്ത് ലഭിക്കുന്ന ഏറ്റവും ഉയർന്ന പ്രതിഫലത്തോടെ റയൽ മാഡ്രിഡിലേക്ക്. ഫെർണാണ്ടോ ഹിയേറോ ഒഴിഞ്ഞുപോയ നാലാം നമ്പർ കുപ്പായത്തിൽ സെർജിയോ റാമോസ് എന്ന കൗമാരക്കാരൻ പേരുകേട്ട റയൽ പ്രതിരോധ നിരയിൽ തന്റെ സ്ഥാനം ഉറപ്പിച്ചു. ശേഷം തുടർ വിജയങ്ങളുടെ റയൽ ജീവിതം. ഒരു ക്ലബ്ബിന് സാധ്യമായതൊക്കെ റയലുമായി നേടി. ഒമ്പത് വർഷം യുവേഫ ഇലവനിൽ സ്ഥാനം. മറ്റൊരു ഡിഫന്റർക്കും എത്തിപ്പെടാൻ പറ്റാത്ത നേട്ടം.

2005 ൽ റയലിലേക്ക് പോയ റാമോസ് രണ്ടുവർഷത്തെ പി.എസ്.ജി വാസവും കഴിഞ്ഞ് 18 വർഷങ്ങൾക്കു ശേഷം സെവിയ്യയിലേക്ക് തിരിച്ചെത്തുമ്പോൾ കിട്ടേണ്ട സ്നേഹാദരമായ പ്രതികരണമൊന്നുമല്ല സെവിയ്യ ആരാധകരിൽ നിന്ന് ലഭിക്കുന്നത്. സെവിയ്യയ്ക്ക് വേണ്ടി 49 മത്സരങ്ങൾ കളിച്ച് റയലിലേക്ക് പോയ റാമോസിന് റയലിന് വേണ്ടി സെവിയ്യയുടെ മൈതാനത്ത് കളിച്ച 16 സീസണുകളും മോശം അനുഭവമായിരിക്കും കാണികളിൽ നിന്ന് ലഭിച്ചിട്ടുണ്ടാവുക.



പല മത്സരങ്ങളിലും അസഭ്യ ആക്ഷേപങ്ങളും കൂക്കുവിളികളും നിറഞ്ഞ ആരവങ്ങൾ കൊണ്ടായിരുന്നു കാണികൾ റാമോസിനെ സ്വീകരിച്ചത്. കഴിഞ്ഞ ദിവസം സൈൻ ചെയ്തുവെന്ന വാർത്തയും തീവ്ര സെവിയ്യ ആരാധകർക്ക് നല്ല വാർത്തയായല്ല അനുഭവപ്പെട്ടത്. കാരണം പലതവണ റയലിൽ കളിക്കുമ്പോൾ റാമോസും കാണികളും തമ്മിൽ ഉടക്കിയിട്ടുണ്ടെന്നതു തന്നെ. മഹത്തായ ക്ലബ്ബിന്റെ മൂല്യങ്ങൾക്ക് ചേരാത്ത തീരുമാനമെന്ന വിശേഷണമാണ് റാമോസിന്റെ സൈനിങ്ങിന് ആരാധകർ നൽകുന്നതെന്നാണ് സ്പാനിഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. റാമോസ് ലോകം കണ്ട ഏറ്റവും മികച്ച പ്രതിരോധക്കാരിൽ ഒരാളാണ്. അയാൾ റയലിന്റെ നാല് ചാംപ്യൻസ് ലീഗ് വിജയങ്ങളിലും മുഖ്യ പങ്കുവഹിച്ചു. വർഷങ്ങളോളം സ്പെയിൻ ദേശീയ ടീമിനെ നയിച്ചു. ലോകകപ്പ് നേടി. രണ്ട് യൂറോ കപ്പ് നേടി. പക്ഷേ ആരാധകർ കാണുന്നത് വളർത്തി വലുതാക്കിയ ക്ലബ്ബ് വിട്ട് റയലിലേക്ക് ചേക്കേറിയ റാമോസിനെ മാത്രമാണ്. ഡാനി ആൽവേസും ഇവാൻ റാക്കിട്ടിച്ചും ഇതുപോലെ സെവിയ്യയിൽ നിന്ന് മറ്റൊരു ക്ലബ്ബിലേക്ക് പോയവരാണ്. പക്ഷേ അവരെ ദൈവത്തെ പോലെയാണ് ആരാധകർ സ്വീകരിക്കുന്നതെന്നാണ് 2017 ൽ സെവിയ്യയിൽ കളിച്ചതുമായി ഉണ്ടായ വിവാദത്തിന് ശേഷം റാമോസ് പറഞ്ഞത്. റാമോസ് സെവിയ്യ ആരാധകർക്ക് അവസാനിക്കാത്ത സ്നേഹം വാഗ്ദാനം ചെയ്തിട്ട് റയലിൽ നിന്നുള്ള ഓഫർ വന്നപ്പോൾ സ്വീകരിച്ചതാണ് ആരാധകരിൽ റാമോസിനോടുള്ള അതൃപ്തിക്ക് കാരണമെന്ന് ഡാനി ആൽവേസ് ആ സംഭവത്തെ തുടർന്ന് പറഞ്ഞിരുന്നു. സമാന സംഭവങ്ങൾ ലാലിഗയിൽ ഇതിനു മുമ്പും സംഭവിച്ചിട്ടുണ്ട്. ബാഴ്സലോണയിൽ നിന്ന് റയലിലേക്ക് പോയ ഫിഗോയെ പന്നിത്തല എറിഞ്ഞാണ് ബാഴ്സ ആരാധകർ സ്വീകരിച്ചത്. പക്ഷെ അധികം വൈകാതെ ഫിഗോയുടെ പ്രതിഭയ്ക്ക് മങ്ങലേറ്റു. റാമോസ് ആക്ഷേപങ്ങളിൽ ഇല്ലാതായില്ല. പല സാഹചര്യങ്ങളിലും ആരാധകർക്ക് മറുപടി കൊടുത്തിട്ടുമുണ്ട്.

സെവിയ്യയിലേക്കുള്ള രണ്ടാമത്തെ വരവിൽ റാമോസ് ഏറെ സന്തോഷത്തിലാണ്. ഹോമിലേക്ക് മടങ്ങാൻ കഴിഞ്ഞതിന്റെ അതിയായ സന്തോഷം റാമോസ് പങ്കുവച്ചിരുന്നു. ആരാധകർക്ക് ബുദ്ധിമുട്ടുണ്ടാക്കിയ തന്റെ എല്ലാ പ്രവൃത്തികൾക്കും മാപ്പ് പറയുകയും ചെയ്തു. സഊദിയിൽ നിന്നും തുർക്കിയിൽ നിന്നും വന്ന വമ്പൻ ഓഫറുകളെ നിരസിച്ചാണ് റാമോസ് തന്റെ പഴയ തട്ടകത്തിലെത്തുന്നത്. ഈ സീസണിൽ ഒരു പോയിന്റും നേടാതെ ലാലിഗയിൽ അവസാന സ്ഥാനത്താണ് സെവിയ്യ. യൂറോപ്പ ചാംപ്യൻമാരായതുകൊണ്ട് ചാംപ്യൻസ് ലീഗിലും ഇത്തവണ സെവിയ്യ കളിക്കും.

## ഐഎസ്എൽ 21 മുതൽ; കിക്കോഫ് കൊച്ചിയിൽ

കൊച്ചി: ഐ.എസ്.എൽ. ഫുട്‌ബോളിന്റെ പുതിയ സീസണിന് സെപ്റ്റംബർ 21-ന് കിക്കോഫ്. കൊച്ചിയിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സും ബെംഗളൂരു എഫ്.സി.യും ഏറ്റുമുട്ടുമെന്നാണ് സൂചന. തീയതിയും മത്സരക്രമവും ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല.

കഴിഞ്ഞ സീസണിൽ ബ്ലാസ്റ്റേഴ്സ്-ബെംഗളൂരു പ്ലേ ഓഫ് മത്സരം വിവാദമായിരുന്നു. ആ ഓർമകൾ മറന്ന് പുതിയ തുടക്കമാണ് സംഘാടകർ ലക്ഷ്യമിടുന്നത്. ഐ ലീഗിൽ നിന്ന് യോഗ്യത നേടിയെത്തിയ പഞ്ചാബ് എഫ്.സി. ഉൾപ്പെടെ 12 ടീമുകളാണ് ഇത്തവണ ഐ.എസ്.എല്ലിൽ മത്സരിക്കുക. നിലവിലെ ചാമ്പ്യന്മാരായ മോഹൻ ബഗാനുമായാണ് പഞ്ചാബിന്റെ ആദ്യ കളി. ഗോവ എഫ്.സി. ആദ്യ മത്സരത്തിൽ ഹൈദരാബാദ് എഫ്.സി.യെ നേരിടുമ്പോൾ ഈസ്റ്റ് ബംഗാളിന് ആദ്യ കളിയിൽ ജംഷേദ്പുർ എഫ്.സി.യാണ് എതിരാളി. മുംബൈ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടുമ്പോൾ ചെന്നൈയിൻ ആദ്യ റൗണ്ടിൽ ഒഡിഷയെ നേരിടും.



പ്രീ സീസൺ മത്സരങ്ങൾക്കായി യു.എ.ഇ.യിലെത്തിയ കേരള ബ്ലാസ്റ്റേഴ്സ് ടീമിന്റെ പരിശീലകൻ ഇവാൻ വുകോമാനോവിച്ച്

### ബ്ലാസ്റ്റേഴ്സ് യു. എ. ഇ. യിൽ

ഐ.എസ്.എൽ. പുതിയ സീസണിന് കിക്കോഫാകുമ്പോൾ പ്രീ-സീസൺ ഒരുക്കങ്ങളുടെ ഭാഗമായി കേരളാ ബ്ലാസ്റ്റേഴ്സ് യു.എ.ഇ.യിലെത്തി. സെപ്റ്റംബർ 16 വരെ നീളുന്ന പരിശീലന ക്യാമ്പാണ് ബ്ലാസ്റ്റേഴ്സ് യു.എ.ഇ.യിൽ നടത്തുന്നത്. യു.എ.ഇ. പ്രോ-ലീഗ് ക്ലബ്ബുകളുമായി ബ്ലാസ്റ്റേഴ്സ് മൂന്ന് സൗഹൃദമത്സരം കളിക്കും.

സെപ്റ്റംബർ ഒമ്പതിന് സബീൽ സ്റ്റേഡിയത്തിൽ അൽ വാസൽ എഫ്.സി. ക്കെതിരേയാണ് ബ്ലാസ്റ്റേഴ്സിന്റെ ആദ്യ സൗഹൃദമത്സരം. 12-ന് ഷാർജ ഫുട്‌ബോൾ സ്റ്റേഡിയത്തിൽ ഷാർജ ഫുട്‌ബോൾ ക്ലബ്ബിനെയും 15-ന് ദുബായിയിൽ പ്രോ ലീഗ് ചാമ്പ്യന്മാരായ അൽ അഹ്ലിയെയും നേരിടും.

## മെസ്സിയോ ഹാളണ്ടോ? ബാലൺദ്യോർ അന്തിമ പട്ടിക പ്രഖ്യാപിച്ചു, ക്രിസ്റ്റ്യാനോ ഇല്ല

പാരിസ്: ബാലൺദ്യോർ ട്രോഫിക്കുള്ള അന്തിമ പട്ടിക പ്രഖ്യാപിച്ച് സംഘാടകരായ ഫ്രാൻസ് ഫുട്‌ബോൾ മാഗസിൻ. 2022-ൽ അർജന്റീനയെ ലോകകപ്പ് വിജയത്തിലേക്ക് നയിച്ച സൂപ്പർ താരം ലയണൽ മെസ്സി, കഴിഞ്ഞ സീസണിൽ ഇംഗ്ലീഷ് ക്ലബ്ബ് മാഞ്ചെസ്റ്റർ സിറ്റിക്കൊപ്പം പ്രധാന മൂന്ന് കിരീടങ്ങൾ നേടിയ എർലിങ് ഹാളണ്ട്, കഴിഞ്ഞ വർഷത്തെ വിജയി കരീം ബെൻസിമ എന്നിവർ പട്ടികയിലുണ്ട്. പുരസ്കാരം ഒക്ടോബർ 30-ന് പ്രഖ്യാപിക്കും.ഏഴ് തവണ ബാലൺദ്യോർ ജേതാവായ മെസ്സിക്ക് തന്നെയാണ് ഇത്തവണ ഏറ്റവും കൂടുതൽ സാധ്യത കൽപ്പിക്കപ്പെടുന്നത്. ഖത്തറിൽ അർജന്റീനയെ ലോകകപ്പ് വിജയത്തിലേക്ക് നയിച്ച പ്രകടനം തന്നെയാണ് താരത്തിന് കരുത്താകുന്നത്. മറുവശത്ത് അടുത്തിടെ യുവേഫയുടെ മികച്ച താരത്തിനുള്ള പുരസ്കാരം നേടിയ ഹാളണ്ടും സാധ്യതയിൽ മുന്നിലുണ്ട്. 20 വർഷത്തിനിടെ ആദ്യമായി ക്രിസ്റ്റ്യാനോ റൊണാൾഡോ പട്ടികയിൽ ഉൾപ്പെട്ടില്ല.വനിതാ താരങ്ങളുടെ പട്ടികയിൽ കഴിഞ്ഞ രണ്ട് തവണ പുരസ്കാരം നേടിയ ബാഴ്സലോണയുടെ അലക്സിയ പ്യൂട്ടെയാസ് ഇത്തവണ ഉൾപ്പെട്ടിട്ടില്ല. ചെൽസിയുടെ സാം കെർ, മില്ലി ബ്രൈറ്റ്, കഴിഞ്ഞ മാസം സ്‌പെയ്നിനൊപ്പം വനിതാ ലോകകപ്പ് നേടിയ ബാഴ്സലോണയുടെ ഐറ്റാന ബോൺമറ്റിയും വനിതകളുടെ 30 അംഗ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.മികച്ച ഗോൾ കീപ്പർക്കുള്ള പുരസ്കാര (യഷിൻ അവാർഡ്) പട്ടികയിൽ ലോകകപ്പ് ജേതാവ് എമിലിയാനോ മാർട്ടിനെസ്, സിറ്റി താരം എഡേഴ്സൺ, ലാലിഗ ഗോൾഡൻ ഗ്ലൗ ജേതാവ് മാർക്ക് ആന്ദ്രേ ടെർസ്റ്റേഗൻ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്.



## നടനവിസ്മയം മമ്മൂട്ടിക്ക് ഇന്ന് 72-ാം പിറന്നാൾ

കോഴിക്കോട്: നടനവിസ്മയം മമ്മൂട്ടിക്ക് ഇന്ന് 72-ാം പിറന്നാൾ. വീട്ടിൽ കുടുംബത്തോടൊപ്പം ലളിതമായിട്ടായിരുന്നു മമ്മൂട്ടിയുടെ ജന്മദിനാഘോഷം. മമ്മൂക്കയെന്ന സിനിമാ ജീവിതം അര നൂറ്റാണ്ട് പിന്നിട്ടു. സിനിമാ സെറ്റിൽ ചാക്കു വിരിച്ച് ഉറങ്ങുകയായിരുന്ന സത്യൻ മാഷിൻറെ കാലിൽ അദ്ദേഹമറിയാതെ തൊട്ടുവണങ്ങിത്തുടങ്ങിയ യാത്രയാണ് മമ്മൂട്ടിയുടേത്. കാലത്തിരശ്ശീലയിൽ അരനൂറ്റാണ്ട്. നിരവധി കഥാപാത്രങ്ങൾ, വേഷപ്പകർച്ചകൾ, അംഗീകാരങ്ങൾ. എഴുപത്തൊന്ന് വർഷത്തെ ജീവിതത്തിൽ അമ്പത്തൊന്ന് വർഷവും അഭിനയിച്ച മഹാജീവിതം. നിത്യഹരിതമായൊരു അഭിനയകാലമായി മമ്മൂട്ടി തുടരുന്നു. ഓരോ മലയാളിയുടെയും ഹൃദയത്തെ തൊട്ട ഒരു നിമിഷമെങ്കിലും ഇക്കാലം കൊണ്ട് പകർന്നാടി. ഇരുപതാം



വയസ്സിൽ തുടങ്ങിയ സിനിമാ ജീവിതം 51 ൽ എത്തി നിൽക്കെ മോളിവുഡിൽ മറ്റൊരു ബിലാൽ ജോൺ കുരിശ്ശിങ്കൽ ഇല്ലെന്നാണ് ആരാധക ചിന്ത.കർണാടക അതിർത്തി ഗ്രാമക്കാരനായ ഭാസ്കര പട്ടേലരുടെയും തൃശൂരുകാരൻ പ്രാഞ്ചിയേട്ടൻറെയും കോട്ടയംകാരൻ കുഞ്ഞച്ചൻറെയുമൊക്കെ പൂർണതയിൽ, ഡയലോഗ് ഡെലിവറിയുടെ സൂക്ഷ്മാംശങ്ങളിൽ മമ്മൂട്ടി പുലർത്തിയ അനിതരസാധാരണമായ ശ്രദ്ധയുണ്ട്.

കഥാപാത്രത്തിൻറെ വ്യത്യസ്തതക്കായി ഏത് മേക്കോവറും സ്വീകരിക്കാൻ സന്നദ്ധനായൊരു നായക നടൻ മലയാളത്തിൽ മമ്മൂട്ടിയെപ്പോലെ മറ്റൊരാൾ ഉണ്ടാവില്ല. പല്ലുന്തിയ പുട്ടുറുമീസായും കീറിയ കുപ്പായവും പാളത്തൊപ്പിയും ധരിച്ച മാടയായും തിരശ്ശീലയിൽ മമ്മൂട്ടി വ്യത്യസ്തനായി.

### ലോകകപ്പ്; അടുത്ത ഘട്ടത്തിൽ നാലുലക്ഷം ടിക്കറ്റുകൾ വിൽക്കാനൊരുങ്ങി ബിസിസിഐ

ന്യൂഡൽഹി: ഇന്ത്യയിൽ നടക്കുന്ന ഏകദിന ക്രിക്കറ്റ് ലോകകപ്പിനായി ഏകദേശം നാലുലക്ഷം ടിക്കറ്റുകൾ കൂടി പുറത്തിറക്കുമെന്ന് ബിസിസിഐ.അടുത്തഘട്ട ടിക്കറ്റ് വിൽപ്പന വെള്ളിയാഴ്ച രാത്രി എട്ടിന് തുടങ്ങുമെന്ന് ബോർഡ് ബുധനാഴ്ച അറിയിച്ചു. ഓൺലൈനായാണ് ടിക്കറ്റ് വാങ്ങേണ്ടത്. ഔദ്യോഗിക വെബ്സൈറ്റായ https://tickets.cricketworldcup.com വഴി ടിക്കറ്റുകൾ വാങ്ങാം. ടിക്കറ്റുകൾക്കായുള്ള ഉയർന്ന ആവശ്യകത കണക്കിലെടുത്താണ് തീരുമാനം.ആദ്യ ഘട്ടത്തിൽ ഇന്ത്യ ഒഴികെയുള്ള ടീമുകളുടെ സന്നാഹ മത്സരങ്ങളുടെയും ലോകകപ്പ് മത്സരങ്ങളുടെയും ടിക്കറ്റ് വിൽപ്പന ഓഗസ്റ്റ് 28-ന് ആരംഭിച്ചിരുന്നു. സെപ്റ്റംബർ മൂന്നിന് വിൽപ്പനയ്ക്കുവെച്ച ഇന്ത്യ - പാകിസ്താൻ മത്സരത്തിന്റെ ടിക്കറ്റുകൾ റെക്കോഡ് വേഗത്തിലാണ് വിറ്റുപോയത്.

## ലബൂഷെയ്നും ടിം ഡേവിഡുമില്ല; കമ്മിൻസ് നായകൻ; ലോകകപ്പിനുള്ള ഓസ്‌ട്രേലിയൻ ടീമിനെ പ്രഖ്യാപിച്ചു

മെൽബൺ: ഏകദിന ലോകകപ്പിനുള്ള ഓസ്‌ട്രേലിയൻ ടീമിനെ പ്രഖ്യാപിച്ചു. പാറ്റ് കമ്മിൻസാണ് നായകൻ. സൂപ്പർ താരം മാർനസ് ലബൂഷെയ്ൻ, തകർപ്പൻ അടിക്കാരൻ ടിം ഡേവിഡ് എന്നിവർക്ക് ടീമിൽ ഇടം ലഭിച്ചില്ല. ഓൾറൗണ്ടർമാരുടെ ആധിക്യമുള്ള ടീമിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

ലോകകപ്പിനായി ഓസ്‌ട്രേലിയ നേരത്തേ തന്നെ 18 അംഗ സാധ്യതാ ടീമിനെ നേരത്തെ തെരഞ്ഞെടുത്തിരുന്നു. അതിൽ നിന്ന് മൂന്ന് പേരെ ഒഴിവാക്കിയാണ് ഫൈനൽ ടീം പ്രഖ്യാപിച്ചത്. 18 അംഗ ടീമിലുണ്ടായിരുന്ന ആരോൺ ഹാർഡി, നഥാൻ എല്ലിസ്, തൻവീർ സംഘ എന്നിവർ പുറത്തായി. സ്റ്റീവ് സ്മിത്ത്, മിച്ചൽ സ്റ്റാർക്ക്, ഡേവിഡ് വാർണർ, ഗ്ലെൻ മാക്സ്‌വെൽ ട്രാവിസ് ഹെഡ് തുടങ്ങിയ സീനിയർ താരങ്ങൾ ടീമിലുണ്ട്.



അലക്സ് ക്യാരിയും ജോഷ് ഇൻഗ്ലിസുമാണ് വിക്കറ്റ് കീപ്പർമാർ. മിച്ചൽ മാർഷ്, കാമറൂൺ ഗ്രീൻ, ഗ്ലെൻ മാക്സ്‌വെൽ, മാർക്കസ് സ്റ്റോയിനിസ്, ആഷ്ടൺ ആഗർ, സീൻ അബോട്ട്, ആദം സാംപ, ജോഷ് ഹെയ്സൽവുഡ് എന്നിവർ ടീമിലുണ്ട്.

ആദ്യ മത്സരത്തിൽ ആതിഥേയരായ ഇന്ത്യയാണ് ഓസ്‌ട്രേലിയയുടെ എതിരാളി. ചെന്നൈയിൽ ഒക്ടോബർ എട്ടിനാണ് മത്സരം. രോഹിത് ശർമ്മയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീമിനെ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.